
# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 941**

ഉൾപേജുകളിൽ.... പേജ്

യേശുവിന്റെ പാനപാത്രം.................................2

നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.....13

ബൈബിൾ സംഭാഷണങ്ങൾ ........................20


അറിയിപ്പുകൾ...............................................24

VOL - XVII, ISSUE 2 MARCH - APRIL 2024

# യേശുവിന്റെ പാനപാത്രം

## JESUS' CUP

**"എന്റെ പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" (യോഹ. 18:11).**




യേശു പിടിക്കപ്പെട്ടതിന് തൊട്ടു പിന്നാലെ തിരുവായി മൊഴിഞ്ഞ വാക്കുകൾ ആണിത്. രണ്ട് വാളുകൾ തന്റെ ശിഷ്യന്മാരുടെ കൈയ്യിൽ ഉണ്ടായിരിക്കണമെന്ന് യേശു ആഗ്രഹിച്ചതിൽ ഒരു വാൾ ആണ് താൻ പിടിക്കപ്പെട്ടപ്പോൾ പത്രൊസിന്റെ കയ്യിൽ ഉണ്ടായിരുന്നത്. തന്നെ വിടുവിക്കുന്നതിന് അവർ സമാധാന ലംഘനം ഉണ്ടാക്കേണ്ടെന്നും, കീഴടങ്ങുന്നതിനും മരിക്കുന്നതിനും സ്വമനസാലെ ഏൽപ്പിച്ചു കൊടുക്കുന്നതാണെന്ന് വെളിപ്പെടുത്തുന്നതിനും അവൻ ആഗ്രഹിച്ചു (യോഹ. 10:18). ഗുരുവിന്റെ നേർക്കുള്ള പത്രൊസിന്റെ സമചിത്തത തെറ്റിയ സ്നേഹവും എരിവും തന്റെ പ്രതിരോധത്തിനും വിടുതലിനും വേണ്ടി സമാധാന ലംഘന മാർഗ്ഗത്തിലേക്ക് അവനെ നയിച്ചു. ഒരു മീൻ പിടുത്തക്കാരൻ എന്ന നിലയിലുള്ള പത്രൊസിന്റെ നൈപുണ്യം ഒരു പടയാളിക്ക് ഉണ്ടായിരിക്കാവുന്ന കഴിവിനേക്കാൾ വളരെ കൂടുതലായിരുന്നു എന്നുള്ളതിനു സംശയമില്ല. അതുകൊണ്ടുതന്നെയാണ് അവൻ പട്ടാളക്കാർക്ക് ചേർന്നതല്ലാത്ത രീതിയിൽ, ഗുരുവിനെ ബന്ധിച്ചുകൊണ്ട് പോകാൻ വന്നവരിൽ ഒരുവനായ മഹാപുരോഹിതന്റെ ദാസൻ മൽക്കോസിനെ കൊല്ലുന്നതിനു പകരം വാളുകൊണ്ട് വെട്ടി കാതറുത്തത്. അങ്ങനെയിരിക്കെ പത്രൊസിന്റെ ഈ പ്രവൃത്തി തന്റെ രക്ഷയ്ക്കായി അക്രമ മാർഗ്ഗം ഉപയോഗിക്കുന്നതിലുള്ള വിയോജിപ്പും തന്റെ കീഴടങ്ങൽ സ്വമനസാലെ പൂർണ്ണസമ്മതത്തോടെ ഉള്ളതുമാണെന്ന് വെളിപ്പെടുത്തുന്നതിനുള്ള ഒരു അവസരവുമായി യേശു ഉപയോഗിച്ചു. ഈ അവസരത്തിൽ വാൾ ഉറയിലിടുവാൻ പറഞ്ഞുകൊണ്ട് യേശു പത്രൊസിനെ ശാസിച്ചു. സമർപ്പിതരായവർ തങ്ങളുടെ സ്വന്തജീവനെത്തന്നെ പണയപ്പെടുത്തി വേണം മരണകരമായ അനുഭവങ്ങളെ നേരിടുവാൻ എന്നുള്ള മുന്നറിയിപ്പ് കൊടുക്കുവാനും ഈ അവസരം ഉപയോഗിച്ചു (മത്താ. 26:52). പത്രൊസിന്റെ ഈ പ്രവൃത്തിയിൽ ദൈവം കർത്താവിനായി ഒരുക്കി വെച്ചിരുന്ന അനുഭവത്തിൽ നിന്നും അവനെ മറച്ചു കൊള്ളുവാനുള്ള ഒരു തെറ്റായ ശ്രമം അവൻ കണ്ടു. ഈ ശ്രമത്തിനെതിരായിട്ട് നമ്മുടെ പാഠഭാഗത്തിൽ പറഞ്ഞിരിക്കുന്ന ആ വാക്യം അനുസരിച്ച് യേശു അവനെ ഗുണദോഷിച്ച്, പിതാവെനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ? എന്നു പറഞ്ഞു. തന്റെ കർത്താവിനെ സംരക്ഷിക്കുന്നതിനും വിടുവിക്കുന്നതിനും വേണ്ടി തൽക്ഷണം വാളെടുത്തു ബലാത്കാരം പ്രയോഗിക്കുന്നതിന് മുതിർന്ന പത്രൊസിന് തിരിഞ്ഞുനോട്ടത്തിന് ഈയൊരു ഗുണദോഷം ധാരാളം മതിയായിരുന്നു. എന്നാൽ അതിന് തൊട്ടു പിന്നാലെ അവൻ സഹായികളായ സഹപ്രവർത്തകരാരും ഇല്ലാതെ യേശുവിനെ ഒറ്റയ്ക്ക് വിട്ടിട്ട് മറ്റുള്ളവരോട് കൂടെ അപകടത്തിൽ നിന്ന് ഓടിപ്പോയി. അല്പം കഴിഞ്ഞ് മൂന്നുവട്ടം കർത്താവിനെ തള്ളിപ്പറഞ്ഞ് അവൻ കുറ്റക്കാരൻ ആയത് സാധാരണ മനുഷ്യരെപ്പോലെ ഒരു ഭീരുത്വത്തിന്റെ പ്രവണത തന്നിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. എന്നാൽ മുന്നനുഭവങ്ങളിലും തന്റെ ജീവിതത്തിൽ ഉടനീളവും വർഷങ്ങൾക്ക് ശേഷം അന്ത്യോഖ്യയിൽ വച്ചും തന്റെ ധീരമായ ആത്മാവ് വെളിപ്പെട്ടിട്ടുള്ളതാണ്.

ബൈബിളിലെ പ്രതിരൂപങ്ങളിൽ പാനപാത്രം വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. അതിലൊന്ന് വക്താവ് അല്ലെങ്കിൽ ഒരു പദവി വഹിക്കുന്ന വക്താവ് എന്നുള്ള അർത്ഥത്തിലാണ്. യോസഫ് ദീർഘവീക്ഷണത്തോടെ പ്രവൃത്തിച്ചത് തന്റെ പാനപാത്രത്തിന്റെ നിഴൽ ചിത്രത്തിൽ കാണാവുന്നതാണ് (ഉല്പ. 44:2,5,15). യിരെമ്യ പ്രവചനത്തിൽ (51:7) ബാബിലോൺ യഹോവയുടെ കയ്യിലിരിക്കുന്ന പൊൻ പാത്രമാണെന്ന് പറയുന്നിടത്തും ഇത് കാണാവുന്ന

താണ്. ദൈവം സുവിശേഷ യുഗത്തിന്റെ കൊയ്ത്തോളം ലോകത്തോട് സംസാരിക്കുന്നതിന് അവളെ (ബാബിലോണിനെ) ഉപയോഗിച്ചു. അതായത് അതിന്റെ വക്താക്കളെക്കൊണ്ടും പ്രത്യേകിച്ച് പുതിയ സൃഷ്ടി പ്രകൃതം ഉള്ളവരെക്കൊണ്ടും വളരെ പ്രത്യേകമായി ചെറിയ ആട്ടിൻ കൂട്ടാംഗങ്ങളെക്കൊണ്ടും വളരെ പ്രാധാന്യത്തോടെ അതിലെ നക്ഷത്രാംഗങ്ങളെക്കൊണ്ടും അവരുടെ പ്രത്യേക സഹായികളെക്കൊണ്ടും ബാബിലോണിനോട് (ലോകത്തോട്) സംസാരിച്ചു. ഇപ്രകാരത്തിൽ യഹോവയുടെ കയ്യിലിരിക്കുന്ന ദൈവത്തിന്റെ കരമായ യേശുവും അവളെ അത്തരത്തിൽ ഒരു നാവായി ഉപയോഗിച്ചു. തന്റെ വേശ്യാവൃത്തിയുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണ പാനപാത്രം കയ്യിൽ പിടിച്ചിരിക്കുന്ന സ്ത്രീയായി ബാബിലോണിനെ ചിത്രീകരിച്ചിരിക്കുന്നതിലെ പാനപാത്രം എന്ന പദം നാവായിരിക്കുന്നതിനുള്ള അധികാരത്തെ കാണിക്കുന്നു (വെളി. 17:4). ദൈവദൂഷണ പരമായ എല്ലാത്തരം ദുഷിച്ച ഉപദേശങ്ങളും ആചാരങ്ങളും അവളുടെ അധികാരത്തിൽ ഉൾപ്പെടുത്തുന്ന രീതിയിൽ അവൾ ഭരണകൂടവുമായി ഒരു അവിഹിത കൂട്ടുകെട്ടിൽ ഏർപ്പെട്ടു.

ഈ പദം ബൈബിളിൽ അനുഭവങ്ങൾ എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ സന്തോഷത്തിന്റെ അനുഭവങ്ങൾ ആയിട്ടും ചിലയിടങ്ങളിൽ കഷ്ടതയുടെയും മറ്റു ചിലയിടങ്ങളിൽ രണ്ടിന്റെയും കൂടെ സമ്മിശ്ര അനുഭവങ്ങൾ ആയിട്ടും ഉപയോഗിച്ചിരിക്കുന്നു. സങ്കീ. 16:5 ൽ യേശു തനിക്കുള്ള മഹത്തായ അവകാശത്തെയും ആനന്ദത്തെയും വിവരിച്ചുകൊണ്ട് പാനപാത്രത്തിലെ വലിയ പങ്ക് യഹോവയാണെന്ന് പ്രവചിക്കുമ്പോൾ അവിടെ സന്തോഷത്തിന്റെ അനുഭവങ്ങളെക്കുറിച്ച് പറയുന്നത് എന്തെന്ന് വ്യക്തമാണ്. ദൈവം ഒരുവന്റെ മുഖ്യസമ്പത്ത് ആയിരിക്കുന്നത് ഏറ്റവും ഉന്നതമായ സന്തോഷവും മഹത്വവും ആണ്. അവിശ്വസ്തരായിരിക്കുന്നവരിൽ നിന്നും ദൈവം നീക്കം ചെയ്യുന്ന ആശ്വാസത്തിന്റെ പാനപാത്രവും ഇതേ അർത്ഥത്തിലാണ് യിരെമ്യാവ് ഉപയോഗിച്ചിരിക്കുന്നത് (16:7). കഷ്ടതയിൽ കൂടി അല്ലാതെ മറ്റെന്തിൽ കൂടിയാണ് ആശ്വാസം നൽകാൻ കഴിയുന്നത്? മറ്റു ചില സന്ദർഭങ്ങളിൽ പാനപാത്രം കഷ്ടതയെ കാണിക്കുന്നു. കർത്താവ് ഈ പദം ഉപയോഗിച്ചിരിക്കുന്ന ചില വേദഭാഗങ്ങളിൽ നിന്ന് ഇത് വ്യക്തമാണ്. ഉദാഹരണത്തിന്, ദൈവരാജ്യത്തിൽ യോഹന്നാനും യാക്കോബും ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ വരം നൽകേണമെന്ന് ആവശ്യപ്പെട്ടപ്പോൾ യേശു ഇങ്ങനെ ഉത്തരം നൽകി, നിങ്ങൾ യാചിക്കുന്നത് ഇന്നതെന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിപ്പാൻ ഇരിക്കുന്ന പാനപാത്രം (കുടിക്കുന്ന) (മർക്കൊ. 10:38) കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ? മർക്കൊസ് എഴുതിയ തിരുവചന ഭാഗത്ത് കർത്താവ് യോർദ്ദാൻ മുതൽ കടന്നുപോകുന്ന കഷ്ടതയുടെ അനുഭവങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. മത്തായിയുടേതിൽ തന്റെ ജീവിതത്തിന്റെ അവസാന നാഴികയിൽ അവൻ തനിക്ക് കടന്നു പോകേണ്ടതായ അനുഭവങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അവർ അങ്ങനെ ചെയ്യുവാൻ പ്രാപ്തരും മനസ്സുള്ളവരും ആകയാൽ മരണപര്യന്തമുള്ള അവരുടെ വിശ്വസ്തത മുൻകൂട്ടി കണ്ട്, ഇപ്പോഴത്തെ അവന്റെ കഷ്ടങ്ങളിൽ അവർ വിശ്വസ്തതയോടെ കൂട്ടാളികളായിരിക്കുമെന്നതിനാൽ അവർ ഭാവിയിൽ കഷ്ടത അനുഭവിക്കും എന്ന് യേശു അവരോട് പറഞ്ഞു. ഈ വേദഭാഗത്തിലെ പാനപാത്രം കഷ്ടതയുടെ അനുഭവങ്ങളെയാണ് കാണിക്കുന്നത്. ഒടുവിൽ അതിനെ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും സമ്മിശ്ര പാനപാത്രമായി ഉപയോഗിച്ചിരിക്കുന്നു.

വളരെ മധുരമുള്ള പാനീയത്തിൽ നിന്നും വളരെ കൈപ്പേറിയ പാനീയം നിറഞ്ഞ ഭാഗം വേർതിരിച്ച് മൂടിവച്ചിരിക്കുന്ന ഒരു പാനപാത്രത്തെ നമുക്ക് ചിത്രീകരിക്കാം. പൊതുവേ മധുരം കൂടിയ പാനീയമുള്ള ഭാഗമാണ് സമർപ്പിതരുടെ ചുണ്ടുകളോട് ചേർത്തുവെച്ചിരിക്കുന്നത്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി ചില സമയങ്ങളിൽ കൈപ്പേറിയഭാഗം അവരുടെ ചുണ്ടുകളോട് ചേർത്തുവയ്ക്കുന്നു. അങ്ങനെ ഈ പ്രതീകാത്മക ചുണ്ടുകൾ കൈപ്പ് അറിയുന്നു. പിതാവിന് ഇഷ്ടമെങ്കിൽ നീങ്ങി പോകുവാൻ യേശു ആഗ്രഹിച്ച, തനിക്ക് ആദ്യം വരുന്ന കഷ്ടാനുഭവങ്ങളെ കുറിച്ചാണ് (മത്താ. 26:39,42) ലും പാനപാത്രം എന്ന് പറഞ്ഞിരിക്കുന്നത്. (സങ്കീ. 23:5) ൽ "എന്റെ പാനപാത്രവും നിറഞ്ഞുകവിയുന്നു" എന്ന് പറയുമ്പോൾ പാനപാത്രം എന്ന പദത്തെ രണ്ട് അർത്ഥങ്ങളുടെയും സമ്മിശ്രമായാണ് ഉപയോഗിച്ചിരിക്കുന്നത്. കാരണം ക്രിസ്തുഗണത്തിന്റെ അനുഭവം ഇരുവിധമാണ്. ചില സമയങ്ങൾ ഏറ്റവും സന്തോഷമേറിയതും ചില സമയങ്ങൾ ഏറ്റവും കഷ്ടത നിറഞ്ഞതുമായിരിക്കും. ശിരസ്സിന്റെയും അനുഭവം അതിനു സമാനമായിരുന്നു. ശരീരത്തിൽ ഉടനീളം പാദാംഗങ്ങൾ വരെ സമാനമായ അനുഭവങ്ങളാണ് ഉണ്ടായിരിക്കുക. മറ്റൊരു വേദഭാഗവും (സങ്കീ.

116:13) ഈ ഇരുവിധ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു: "രക്ഷയുടെ പാനപാത്രം എടുത്ത് " വിശ്വസ്തതയുള്ള ഹൃദയത്തോടുകൂടെ രക്ഷ പ്രാപിക്കുന്ന കർത്തൃജനം സന്തോഷവും കഷ്ടതയും അനുഭവിക്കുവാൻ പ്രതിജ്ഞ ചെയ്യുന്നു.




## നമ്മുടെ വേദഭാഗത്തിലെ പാനപാത്രത്തിന്റെ അർത്ഥം

"പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ" എന്ന അർത്ഥത്തിലാണ് പാനപാത്രം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അത് എന്തുകൊണ്ടും സന്തോഷകരമായ അനുഭവങ്ങൾ അല്ല. ആയിരുന്നെങ്കിൽ അവർ അതിൽനിന്നും പിൻവാങ്ങുവാൻ ആഗ്രഹിക്കുകയില്ലായിരുന്നു. യോർദ്ദാൻ മുതൽ ഗത്സമന വരെ നീണ്ടു നിന്നതായ കഷ്ടത നിറഞ്ഞ അനുഭവങ്ങളെയുമായിരുന്നില്ല അവിടെ അർത്ഥമാക്കിയത്. ഞാൻ കുടിക്കേണ്ടതല്ലയോ എന്ന് ചോദിക്കുന്നത്, തൊട്ടടുത്ത ഭാവിയിൽ സംഭവിക്കേണ്ട കാര്യമായിട്ടാണ് ഇരിക്കുന്നത്. മരണത്തെ ഉദ്ദേശിച്ചല്ല അങ്ങനെ പറഞ്ഞത്. മനുഷ്യന് വേണ്ടി മറുവിലയായി മരിക്കുന്നതിന് അവൻ വളരെ ഒരുക്കമുള്ളവനുമായിരുന്നു. ബലിപീഠത്തിൽ നിന്നു തന്റെ യാഗം പിൻവലിക്കുന്നതിന് ഒരു സമയത്ത് പോലും താൻ ആഗ്രഹിച്ചിട്ടില്ല. അതിനുവേണ്ടി താൻ അപേക്ഷിച്ചിട്ടുമില്ല. രക്തം വിയർപ്പ് രൂപേണ പുറത്തുവന്ന് ഉറച്ച നിലവിളിയോടും കണ്ണീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഒഴിവാക്കി കിട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തത് മരണമല്ല, മരണമല്ലെങ്കിൽ പിന്നെ എന്താണ്? അത് മരണത്തിലും ഉപരിയായ ചില കാര്യങ്ങളാണ്. മരണത്തോട് അനുബന്ധിച്ച് ആ പാനപാത്രത്തിൽ അടങ്ങിയിരുന്ന വേദനാജനകമായ ചില പ്രത്യേക അനുഭവങ്ങളാണ്; നാണക്കേടിന്റെയും അപമാനത്തിന്റെയും അനുഭവങ്ങളായ പാനപാത്രം. ഇവ കൂടാതെ അവന് മരിച്ച് മറുവിലയാഗമായി തീരാമായിരുന്നു. ഇതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുമ്പോൾ സഭാ വിചാരണയിൽ ഒരു ദൈവദൂഷകനായി മുടക്കപ്പെട്ടവനായി മരണത്തിന് വിധിക്കപ്പെടുകയും മതേതര കോടതിയിൽ നിയമലംഘിയായി ഒരു പാതകനെ പോലെ കൊല്ലപ്പെടുന്നതിന്റെ ലജ്ജയും അപമാനവും കൂടാതെ മരിക്കാമായിരുന്നു എന്ന് കാണാവുന്നതാണ്. ഇവയൊന്നും ചെറിയ കാര്യമല്ല. ഈ രണ്ടുവിധ വിധിയിലെയും ഒന്നാമത്തെ കാര്യം ഇനി അവൻ ദൈവജനത്തിന്റെ കൂട്ടായ്മയിൽ ഒരു അംഗമായിരിക്കാതെ എന്നെന്നേക്കുമായി മരിച്ചവനായി പുനരുത്ഥാനത്തിൽ പോലും യിസ്രായേലിന്റെ കൂടെ പങ്കില്ലാതെ അസ്തമിച്ചു പോവുക എന്നുള്ളതായിരുന്നു. ജാതികളെ സംബന്ധിച്ച് രണ്ടാമത്തെ വിധിയുടെ അർത്ഥം മരണശേഷം അവൻ നിത്യ ദണ്ഡനത്തിനിരയാവുക എന്നുമാണ്. ഇരുകൂട്ടർക്കും ഇത് നൽകുന്ന അർത്ഥം അവൻ എല്ലാവർക്കും എന്നേക്കും ഒരു മുന്നറിയിപ്പ് നൽകുന്ന മാതൃകയായിരിക്കും എന്നതാണ്. അങ്ങനെ യേശുവിന്റെ ഈ വിധി കണ്ട് അത്തരം ജീവിതം നയിക്കാതിരിക്കാൻ ജനങ്ങൾക്ക് ഇതൊരു പാഠം ആയിരിക്കണം എന്ന് അവർ ആഗ്രഹിച്ചു.

ഈ രണ്ടു തിന്മകളും മുൻ പറഞ്ഞതിനേക്കാൾ സൂക്ഷ്മ പഠനം അർഹിക്കുന്നതാണ്. യഹൂദന് ഭ്രഷ്ടു കൽപ്പിക്കപ്പെട്ടു മരിക്കുന്നത് ഏറ്റം ദുഷിപ്പുള്ള കാര്യമായിരുന്നു. ഒരു മുന്നറിയിപ്പ് മാതൃകയായിരുന്നു കൊണ്ട് അവന്റെ മരണം ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത് പോലെ പരമാവധിയായ രീതിയിൽ - മരത്തിന്മേൽ തൂങ്ങിക്കിടന്ന് കൊല്ലപ്പെടണമായിരുന്നു. യഹൂദന്മാർ ക്രൂശീകരണം മരത്തിന്മേൽ തൂങ്ങുന്ന മരണമായി കണക്കാക്കിയിരുന്നില്ല - കഴുത്തിലും തൊണ്ടയിലും ഒരു കയർ കെട്ടി മരത്തിന്മേൽ തൂക്കി സ്വന്തഭാരം കൊണ്ട് തൂങ്ങിക്കിടന്ന് ശ്വാസം മുട്ടി മരിക്കണമായിരുന്നു. അങ്ങനെയാണ് അവൻ ശപിക്കപ്പെട്ടവൻ ആകുന്നത് (ഗലാ. 3:13). അങ്ങനെ ശപിക്കപ്പെട്ടവനായി രണ്ടാം മരണത്തിനിരയായി ജനം അവനെതിരായി ചിന്തയിലും പ്രചരണത്തിലും സംസാരത്തിലും പ്രവൃത്തിയിലും പരമാവധി മാനുഷികമായി അനാദരവുകൾ പ്രകടിപ്പിക്കുന്നു. അങ്ങനെ ദൈവത്താലും മനുഷ്യരാലും അവനെ ശപിക്കപ്പെട്ടവനായി കണക്കാക്കണം. അവന്റെ നേരെ അവർ അങ്ങേയറ്റം വെറുപ്പും നീരസവും കാണിക്കുന്നു. അവനെക്കുറിച്ച് കഴിയുന്നത്ര നീചവും നികൃഷ്ടവും നിന്ദയുമായ കാര്യങ്ങൾ പറയേണ്ടിവന്നു. കടുത്ത വിയോജിപ്പ് കാണിച്ചു

കൊണ്ട് അവനെതിരെ അവർക്ക് നെറ്റി ചുളിക്കേണ്ടി വന്നു. അവനെതിരെ ഏറ്റവും ക്രൂരവും ലജ്ജാവഹവു മായ കാര്യങ്ങൾ ചുമത്തേണ്ടി വന്നു.

ഭ്രഷ്ടനാക്കപ്പെട്ട് മരണത്തിന് വിധിക്കപ്പെട്ടതിനു ശേഷം സാൻഹെദ്രിൻ സംഘവും അവിടെ ഉണ്ടായി രുന്ന പടയാളികളും യേശുവിനെ വളരെ പുച്ഛിച്ച് ഉപദ്ര വിച്ചതിന്റെ വിവരങ്ങളാണ് താഴെ വരുന്നത്: അവന്റെ കണ്ണുകെട്ടി, അവനെ തുപ്പി, ചിലരാകട്ടെ സംശയമി ല്ലാതെ അവനെ കഫം കൊണ്ട് തുപ്പി, അവനെ തല്ലി, ചവിട്ടി, അവന്റെ കവിളിൽ നിന്നും തലയിൽ നിന്നും മുടി വലിച്ചു പറിച്ചു (മത്താ. 26:67; മർക്കൊ. 14:65; യെശ. 50:6). അവൻ കുരിശിൽ തൂങ്ങി കിടക്കുമ്പോൾ അവർ അവനെ നിന്ദിക്കുകയും പരിഹസിക്കുകയും അവഹേളിക്കുകയും കുത്തുവാക്കുകൾ പറയുകയും ചെയ്തതിന് ഇത് തെളിവാണ്. അങ്ങനെ ഏറ്റവും ദൈ വദൂഷണവും നിന്ദ്യവും അപമാനകരവുമായ നുണക്ക ഥകൾ അവനെതിരെ യഹൂദ നേതാക്കൾ ഈ യുഗം ഉടനീളം ആരോപിക്കുകയും ചെയ്തു. അവനെ അങ്ങേ യറ്റം അപകീർത്തിപ്പെടുത്തുന്ന തരത്തിൽ അവരുടെ ഭാവനകളിൽ അവനെക്കുറിച്ച് ഏറ്റവും അനിഷ്ടമായ കഥകൾ ഉണ്ടാക്കി. അങ്ങനെ ഭൂമിയിൽ ജീവിച്ചിരുന്ന വരിൽ ഏറ്റവും മോശമായ മനുഷ്യനായി നൂറ്റാണ്ടു കളോളം കണക്കാക്കി. കഴിഞ്ഞ 150 വർഷങ്ങൾക്ക് മുമ്പുവരെ യഹൂദജനത്തിന്റെ അനിഷ്ടത്തിന്റെയും വെറുപ്പിന്റെയും ചിത്രം അവനായിരുന്നു. ഭ്രഷ്ടനാക്ക പ്പെട്ട ദൈവദൂഷകൻ എന്ന നിലയിൽ മരണത്തിനു വിധിക്കപ്പെടുന്ന തന്റെ അനുഭവം ഇതായിരിക്കും എന്ന് യേശുവിന് അറിയാമായിരുന്നു. ഇതാണ് അവനെ ആ അനുഭവത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ പ്രേരിപ്പിച്ചത്.

നിയമവിരുദ്ധനായ ഒരുവന് നിയമപ്രകാരം വിധിക്കു ന്ന ക്രൂശു മരണം, ജാതികളും മനുഷ്യരുടെ തിന്മകളിൽ ഏറ്റവും വലുതിനുള്ള ശിക്ഷയായി കണക്കാക്കുന്നു. അന്ധകാരയുഗത്തിലെ വിശ്വാസപ്രമാണങ്ങൾ പഠിപ്പി ച്ചതും പഠിപ്പിക്കുന്നതുമായ അവ്യക്തമായ രീതിയിൽ അല്ല ക്രൂശ് മരണത്തിന്റെ ലജ്ജാവഹവും നിന്ദ്യവുമായ മരണം അവനു സംഭവിച്ചതിനു ശേഷവും അവൻ നിത്യദ ണ്ഡനത്തിനു വിധേയനാകുമെന്ന് അവർ വിശ്വസിച്ചത്. ഇനി ആരും സമാനമായ രീതിയിൽ പ്രവൃത്തിക്കാതി രിക്കാൻ അവന്റെ അവസാന അനുഭവങ്ങൾ അവർ കഴിയുന്നത്ര ക്ലേശകരമാക്കുകയും പരസ്യമാക്കുകയും ചെയ്തതുകൊണ്ട് മുന്നറിയിപ്പ് നൽകുന്ന മാതൃകയായി അവനെ നിർത്തി. ബൈബിൾ വിഷയം സംബന്ധിച്ച് മഹാനായ ഫ്രഞ്ച് ചിത്രകാരനായ ടിസോട്ട് വരച്ചിരി ക്കുന്നത് പോലെ പുറകിലും മുൻപിലും മാത്രം ഒതുക്കി നിർത്തുന്നതായിരുന്നില്ല അവൻ ചമ്മട്ടി കൊണ്ട് ഏറ്റ അടികൾ. അവന്റെ ഇരുവശങ്ങളിലും നെഞ്ചിലും വയ റ്റിലും കാലുകളിലും പാദങ്ങളിലും എന്തിന് തലയിലും മുഖത്തും വരെ അവൻ അടികളേറ്റു. ഉയർന്ന പദവി യിൽ ഇരിക്കുന്ന ഒരുവനു നൽകുന്ന ബഹുമാനത്തെ വിപരീത ദിശയിൽ കണക്കാക്കിക്കൊണ്ട് യേശുവിനെ അവർ രാജകീയമായി പരിഹസിച്ചു. ഒരു പഴകി മങ്ങിയ ധൂമ്രവസ്ത്രവും മുൾക്കിരീടവും ഞാങ്ങണ കൊണ്ടുള്ള ചെങ്കോലും കൈയിൽ കൊടുത്ത് അണിയിച്ചൊരുക്കി, ഒരു രാജാവിനൊത്തതിൽ നിന്ന് തികച്ചും വിപരീത മായി പരുഷമായി പെരുമാറി അവനെ പരിഹസിച്ചു. അവന്റെ മുൻപിൽ പരിഹാസപൂർവ്വം മുട്ടുകുത്തി കൂകി വിളിച്ച് പരിഹസിച്ചു. അവർ അവനു നൽകിയ പരിഹാസ ചെങ്കോൽകൊണ്ട് പരിഹാസ രൂപേണ അവനെ കുത്തി. അവന്റെ മേൽ തുപ്പി, മുൾക്കിരീടം അവന്റെ തലയിൽ വച്ച് അമർത്തി തലയിലും നെറ്റി യിലും അതിന്റെ ആണികൾ അടിച്ചു കയറ്റി. ഇങ്ങനെ അവനെ പൊതുനിന്ദയാക്കി ക്രൂശിക്കുന്നതിന് വേഗ ത്തിൽ കൊണ്ടുപോയി. ഈ സകല രീതിയിലും ഉള്ള ക്രൂരതകളിൽ അവനെ ക്രൂശിച്ചത് മറ്റുള്ളവർക്ക് ഭയം ജനിപ്പിക്കുന്നതിനും അത്തരം പ്രവൃത്തികളിൽ നിന്ന് ജനത്തെ തടയുന്നതിനും വേണ്ടിയായിരുന്നു. ഇങ്ങനെ യെല്ലാം അവനെ ക്രൂശിൽ വെച്ച് പരിഹസിച്ചതിനും അവൻ മരിച്ചതിനുശേഷം അവന്റെ നെഞ്ചിലും ഹൃ ദയത്തിലും കുന്തം തുളച്ചു കയറ്റിയതിനും കാരണം ജനത്തിനു ഭയം ഉണ്ടാകുന്നതിന് ആയിരുന്നു. നിത്യ ദണ്ഡനം അനുഭവിക്കുവാൻ ഇരിക്കുന്ന ഒരുവനിൽ ഇങ്ങനെ ചെയ്യുന്നത് ഉചിതമാണെന്ന് അവർ കരുതി. യഹൂദന്റെയും ജാതികളുടെയും ഈ രണ്ടു കാഴ്ചപ്പാടു കളിലും യഹൂദന്റേതായിരുന്നു അനുഭവിക്കുന്നതിൽ ഏറ്റവും ക്രൂരവും ക്ലേശകരവും ആയിരുന്നത്.

ഈ രണ്ടു വിധത്തിലുള്ള കാഴ്ചപ്പാടുകളിലും ഉള്ള കാര്യങ്ങൾ യേശു അറിയുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു; ഈ രണ്ടുവിധ കാഴ്ചപ്പാടുകളിലും ഉള്ള പീഡാനുഭവങ്ങൾ അവർ തന്റെ മേൽ ചൊരിയുമ്പോൾ അത് തനിക്ക് സഹിക്കാൻ കഴിയാതെ വരുമോ എന്ന് യേശു ഭയപ്പെട്ടിരുന്നു. ഈ ഭയമാണ് ഗത്സമനയി ലെ ദുഃഖത്തിൽ മിക്കവാറും മരിച്ചവൻ ആയിരുന്ന തന്റെ വലിയ ദുഃഖത്തെ വിവരിച്ചു കാണിക്കുന്നത്. ഗത്സമനയിൽ ഭയപ്പെട്ടതിൽ, ആദ്യം താൻ അധി

കഠിനമായി ദുഖിച്ചതിനെ അടിസ്ഥാനമാക്കിയാണ് ശത്രു സകലവിധ ദുഃഖവും ഭയവും അസ്ത്രം എയ്യുന്നതുപോലെ തന്റെ ഹൃദയത്തിലേക്ക് തൊടുത്തുവിട്ടത്. അതായത് ഇതുവരെ തനിക്ക് സകലതും പൂർണമായി ചെയ്യുവാൻ കഴിഞ്ഞു. എന്നാൽ ശത്രു ഇനിയും തന്റെ ഹൃദയത്തിലേക്ക് എയ്യുവിടുന്ന മൂർച്ചയേറിയ ശരങ്ങൾ തന്റെ ഭൂമിയിലെ ജീവിതത്തിൽ അവശേഷിക്കുന്ന അതിഭയങ്കരമായ മനോവേദന അനുഭവപ്പെടുന്ന 13 മണിക്കൂർ സമയങ്ങളിൽ തന്റെ പൂർണ്ണത നിലനിർത്തുവാൻ തനിക്കു കഴിയാതെ വരുമോ എന്ന് അവൻ ഭയപ്പെട്ടു. യേശു ഏറ്റവും നല്ല മനസ്സാക്ഷിയുള്ള ഒരു വ്യക്തിയായിരുന്നു. ഈ ഭയത്താൽ സംഘർഷപ്പെട്ടും പ്രയാസപ്പെട്ടുമിരുന്ന നാഴികയിൽ അവന്റെ മനസ്സാക്ഷി ആ ഭയത്തെക്കുറിച്ച് പര്യാലോചിക്കുവാൻ അവനെ പ്രാപ്തിപ്പെടുത്തി. എന്തായിരിക്കും ഇതുകൊണ്ട് അർത്ഥമാക്കിയിരുന്നത്, ഗത്സസമനയ്ക്കു മുമ്പും പിമ്പും യേശു എല്ലാം ശരിയായും പൂർണമായും ചെയ്തിട്ടില്ലെന്നാണോ? ഇതുകൊണ്ട് അർത്ഥമാക്കുന്നത് വളരെ ഭയപ്പെടുത്തുന്ന അഞ്ചു കാര്യങ്ങളാണ്:-

(1) അതായത് അത്, ദൈവത്തിന്റെ അംഗീകരണം ആയിരിക്കും തന്റെ അത്യുന്നതമായ സന്തോഷം എന്ന അർത്ഥത്തിൽ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാവുന്നതിന് ഇടവന്നാൽ അത് തന്നെ സംബന്ധിച്ച് തിന്മകളിൽ വെച്ച് ഏറ്റവും വലിയ തിന്മയാകുമായിരുന്നു.

(2) ദൈവത്തിന്റെ പദ്ധതികളുടെ വിജയകരമായ സഫലീകരണം തന്റെ അത്യുന്നതമായ സന്തോഷവും ഉത്കടാഭിലാഷങ്ങളിൽ ഒന്നുമായിരിക്കും എന്ന് ചിന്തിക്കുമ്പോൾ മറിച്ചായാൽ താൻ ദൈവിക പദ്ധതികൾക്ക് അപകടം വരുത്തുന്നതും തന്നെ സംബന്ധിച്ച് അത് മറ്റൊരു വലിയ തിന്മയുമാകുമായിരുന്നു.

(3) അവന്റെ പ്രത്യാശയുടെ സന്തോഷങ്ങളിലൊന്ന് തന്റെ മണവാട്ടിയെ ജയാളിയാക്കുക എന്നതായിരിക്കെ, സഭയെ ജയാളി ആക്കാൻ കഴിയാതിരുന്നാൽ അത് തന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞറിയിക്കാൻ പാടില്ലാത്ത വിധത്തിലുള്ള തിന്മയായിരിക്കും.

(4) വർഗ്ഗത്തിന്റെ വീണ്ടെടുപ്പിനു വേണ്ടിയുള്ള പ്രത്യാശ തന്റെ മുഖ്യ സന്തോഷങ്ങളിൽ ഒന്നായിരിക്കെ, വർഗ്ഗം വീണ്ടെടുക്കപ്പെടാതെ ശാപത്തിൻ കീഴിൽ നിലനിൽക്കേണ്ടി വന്നാൽ അത് തന്നെ സംബന്ധിച്ച് പറഞ്ഞറിയിക്കുവാൻ പാടില്ലാത്ത മറ്റൊരു തിന്മയാകുമായിരുന്നു.

(5) തനിക്കു മുമ്പുണ്ടായിരുന്ന പ്രകൃതിയും ബഹുമാനവും പദവിയും താൻ തന്നെ സ്വയമായി ഒഴിച്ച് കളഞ്ഞതും പരമവിളിയുടെ വിരുതിൽ ജയം പ്രാപിക്കുന്നതിന് മൂന്നര വർഷം അതികഠിനമായി പരീക്ഷിക്കപ്പെട്ടതും എല്ലാം വ്യർത്ഥമായി, തനിക്കു ദിവ്യ പ്രകൃതി ലഭിക്കാതെ പോവുകയും ഭാവി ആസ്തിക്യവും കൂടെ ഇല്ലാതെ പോയി അഥവാ തന്റെ ആസ്തിക്യത്തിന് അന്ത്യം കുറിച്ച് തനിക്ക് രണ്ടാം മരണത്തിനു പോകേണ്ടി വരികയും ചെയ്യുമായിരുന്നു. ഇതായിരുന്നു യേശുവിനെ ഗത്സമനയിൽ വെച്ച് വളരെ കഠിനമായി ദുഃഖിപ്പിക്കുവാൻ പര്യാപ്തമായ ഈ അഞ്ചു മഹാവിപത്തുകളെ കുറിച്ച് പെട്ടെന്നുണ്ടായ ഭയം.

ഈ ഭയമായിരുന്നു ആ രാത്രിയിൽ അവനെ മിക്കവാറും കൊല്ലപ്പെട്ടവനെപ്പോലെ ആക്കിയത്. ഇതിനുമുമ്പ് ഉണ്ടായിട്ടുള്ളതോ വരാനിരിക്കുന്നതോ ആയ ഏത് ഭയത്തേക്കാളും കൂടുതലായി ഇത് അവനെ ദുഖിപ്പിച്ചു. അവന്റെ മുമ്പിലുള്ള ഈ ഭയാനകമായ അനുഭവങ്ങൾ നീങ്ങി പോകുന്നതിന് അവൻ ഉറച്ച നിലവിളിയോടും കണ്ണീരോടും കൂടെ അപേക്ഷയും അഭയ യാചനയും കഴിച്ചു. രക്തം വിയർപ്പു രൂപേണ പുറത്തുവരത്തക്കവണ്ണം അതി തീവ്ര വേദനയുടെ ഫലമായി ഞരമ്പുകൾ തകർന്നു. ഇതൊന്നും ഗ്രഹിക്കുവാൻ കഴിവില്ലാത്ത ശിഷ്യന്മാരിൽ നിന്ന് തന്റെ വ്രണിതമായ ആത്മാവിന് മൂന്നുവട്ടം ആശ്വാസം തേടി. മരണത്തെ അതിജീവിക്കുന്നതിനായിരുന്നില്ല അവന്റെ ദുഃഖഭാരം എന്നുള്ളത് ഞങ്ങൾ ആവർത്തിച്ചു പറഞ്ഞു കൊള്ളട്ടെ. മറിച്ച് ഭ്രഷ്ടനാക്കപ്പെട്ട് ദൈവദൂഷകനും നിയമലംഘിയും എന്ന നിലയിൽ മരിക്കുന്നതിനെക്കുറിച്ച് ആയിരുന്നു താൻ ഭയപ്പെട്ടത്. അങ്ങനെ വന്നാൽ അത്തരം അനുഭവങ്ങൾക്കിടയിൽ തന്റെ പൂർണ്ണത നിലനിർത്താൻ തനിക്ക് കഴിയാതെ വരികയും അതിന്റെ ഫലമായി മുൻ ഖണ്ഡികയിൽ വിവരിച്ച 5 തിന്മകൾ തനിക്ക് ബാധകമാവുകയും ചെയ്യുമല്ലോ എന്ന് ഓർത്താണ് താൻ ഭയപ്പെട്ടത്. ഈ അഞ്ചു കാര്യങ്ങളുടെ അനന്തര തിക്തഫലങ്ങളെക്കുറിച്ചുള്ള ചിന്തയാണ് ഒരു മണിക്കൂർ നേരത്തേക്ക് തന്റെ നാഡീബലം ക്ഷയിപ്പിച്ചത് എന്നുള്ളതിൽ അത്ഭുതപ്പെടാനില്ല. അത്തരം വലിയ തിന്മകളെ തടയുന്നതിന് അങ്ങനെയുള്ള അനുഭവങ്ങളിൽ നിന്ന് തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചതിൽ അത്ഭുതപ്പെടാനില്ല. തുടർച്ചയായ അതിവേദനകളും കരച്ചിലും കണ്ണീരും പ്രാർത്ഥനകളും ഒരു മണിക്കൂർ തുടർന്നുകൊണ്ടിരുന്നു എന്നതിൽ അതിശയമില്ല.

ഒരു ദൂതന്റെ ശുശ്രൂഷ പോലും അവനെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുവാൻ പര്യാപ്തമായിരുന്നില്ലെന്നുള്ളതിലും അത്ഭുതമില്ല. അതികഠിന മനോവേദന അനുഭവപ്പെടുന്നതും ഭയമുളവാക്കുന്നതുമായ അനുഭവങ്ങളും പാനപാത്രം നീങ്ങി കിട്ടണമെന്ന് താൻ അങ്ങേയറ്റം ആത്മാർത്ഥമായി ആഗ്രഹിച്ചതുമെല്ലാം അത്ഭുതമല്ല. ആ പാനപാത്രത്തെ കുറിച്ചും തന്റെ പൂർണ്ണത നിലനിർത്തുന്നതിൽ പരാജയപ്പെട്ടാലുള്ള ഭയത്തെക്കുറിച്ചും ചിന്തിച്ചു കൊണ്ടും അത്തരം പരാജയങ്ങളുടെ അനന്തരഫലങ്ങളെക്കുറിച്ചു തന്റെ മനസ്സിൽ ഉണ്ടായിരുന്ന അഞ്ചു കാര്യങ്ങളോടുകൂടി ആ പാനപാത്രം കുടിച്ചുകൊണ്ട് തന്റെ സാധാരണമായ ശാന്തത നിലനിർത്തുവാൻ തനിക്കു കഴിഞ്ഞിരുന്നെങ്കിൽ അതൊരു അത്ഭുതമാകുമായിരുന്നു.

മാറ്റം വരാത്ത ഈ പാനപാത്രത്തിന്റെ ദാതാവ് പിതാവാണെന്ന് നമ്മുടെ വേദഭാഗം സൂചിപ്പിക്കുന്നു. ഈ പാനപാത്രം നീങ്ങിപ്പോകുന്നതിനുള്ള ക്രിസ്തുവിന്റെ മൂന്നുവട്ടത്തെ പ്രാർത്ഥനയും പിതാവ് അനുവദിച്ചില്ല. മനുഷ്യന്റെ ദുഷ്ടത ഇത്തരം ഒരു പാനപാത്രം കുടിക്കാൻ യേശുവിന് ഇടവരുത്തുമെന്ന് മുന്നറിഞ്ഞ ദൈവം തന്റെ പുത്രൻ അതു കുടിക്കുവാൻ തക്കവണ്ണം തന്റെ നിർണയത്തിൽപ്പെടുത്തി. അതുകൊണ്ട് ഇത്തരമൊരു പാനപാത്രത്തിന്റെ ആസൂത്രണത്തിന് ദൈവം മനുഷ്യനെ നിർബന്ധിച്ചു എന്നും ഞങ്ങൾ സ്ഥാപിക്കുകയല്ല. എന്തെന്നാൽ തിന്മയിലേക്ക് താൻ ആരെയും പരീക്ഷിക്കുന്നതും ഇല്ല. എന്നാൽ മനുഷ്യന്റെ ദുഷ്ടത യേശുവിന് അത്തരം അനുഭവങ്ങൾ നൽകുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് അങ്ങനെ ചെയ്യാൻ ദൈവം അവരെ അനുവദിച്ചു. എന്തുകൊണ്ടെന്നാൽ അത്തരം അനുഭവങ്ങൾ എല്ലാവർക്കും പ്രത്യേകാൽ തന്റെ പുത്രനും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്ന് അവൻ മുൻകൂട്ടി അറിഞ്ഞിരുന്നു. അതുകൊണ്ട് അവരുടെ ഇഷ്ടത്തിന് അവൻ അനുമതി നൽകി. അതുകൊണ്ട് യേശു പീലാത്തോസിനോട്, ദൈവം നൽകിയില്ലെങ്കിൽ എന്റെമേൽ നിനക്ക് യാതൊരു അധികാരവും ഉണ്ടാവുകയില്ലായിരുന്നു എന്നു പറഞ്ഞു (യോഹ. 19:11). തീർച്ചയായും ഈ പാനപാത്രം കുടിക്കുന്നതിന് യേശുവിനെ അനുവദിക്കുന്നതിൽ ദൈവത്തിന് താല്പര്യമില്ലായിരുന്നു. യേശു ഈ പാനപാത്രം കുടിക്കുന്നതിൽ ഏറ്റവും മാനസിക സമ്മർദ്ദത്തിൽ ആയിരുന്നത് പിതാവാണ്. അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും ചിത്രത്തിൽ യിസ്ഹാക്കിനെ ബലി കഴിക്കുന്നതിനോട് ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ, യേശു ഈ പാനപാത്രം കുടിക്കുന്നതിലും ക്രിസ്തുവിന്റെ സകല കഷ്ടങ്ങളിലും ദൈവമായിരുന്നു ഏറ്റവും കൂടുതൽ കഷ്ടപ്പെട്ടത് (യെശ. 63:9).

പിന്നെ എന്തിനായിരുന്നു ദൈവം അനുവദിക്കുകയും തനിക്കു കുടിക്കുന്നതിന് ഈ പാനപാത്രം തയ്യാറാക്കുകയും ചെയ്തത്? ഇത് ഒഴിവാക്കാൻ പറ്റാത്ത, വളരെ അത്യാവശ്യമായ ചില കാര്യങ്ങൾ ഇല്ലായിരുന്നെങ്കിൽ തീർച്ചയായും ദൈവം ഇത് അനുവദിക്കുകയില്ലായിരുന്നു. എന്തായിരുന്നു അത്? ദൈവം യേശുവിനെ ദിവ്യപ്രകൃതിയിൽ ആക്കുന്നതിന് വേണ്ടി നിത്യതയിൽ ഉടനീളം ഉള്ള തന്റെ അവകാശിയാക്കുന്നതിന് വേണ്ടി, തന്റെ സകല പദ്ധതികളുടെയും ഉദ്ദേശ്യങ്ങളുടെയും കാര്യനിർവഹണ ചുമതലയുള്ള ആളാക്കുന്നതിനു വേണ്ടി സർവ്വ ലോകത്തിന്മേലും തനിക്കുവേണ്ടി തന്റെ പകരക്കാരനായി പ്രവർത്തിക്കുന്ന ആളാക്കുന്നതിനുവേണ്ടി ഒരുക്കുകയും തയ്യാറാക്കുകയും ചെയ്തു കൊണ്ടിരിക്കുകയായിരുന്നു അതിനാൽ ലളിതവും കഠിനവുമായ ഏത് സാഹചര്യത്തിലും ദൈവത്തിന്റെ വ്യക്തിത്വത്തോടും സ്വഭാവത്തോടും പദ്ധതികളോടും പ്രവൃത്തികളോടുമുള്ള യേശുവിന്റെ വിശ്വസ്തതയെ ആശ്രയിക്കാൻ ദൈവത്തിന് കഴിയേണ്ടതിന് ഒരു ഉറച്ച തെളിവ് ആവശ്യമുണ്ടായിരുന്നു. അത്തരം തെളിവുകൾ ഇല്ലാതെ യേശു സ്വഭാവ പക്വത ഇല്ലായ്മയിലൂടെയോ തെറ്റുകുറ്റങ്ങളിലൂടെയോ മറ്റൊരു സാത്താനായി മാറിയെന്നു വരാമായിരുന്നു. അങ്ങനെയെങ്കിൽ അവൻ സാത്താന് ഇല്ലാതിരുന്ന ഉയർന്ന പടിയിൽ ഉന്നത അധികാരത്തിൽ നശിപ്പിക്കാൻ ആവാത്ത ആസ്തിക്യത്തിൽ അമർത്യതയിൽ ഇരിക്കുമ്പോൾ സാത്താനിലും വളരെ മടങ്ങും ശക്തിയുള്ള മറ്റൊരു സാത്താൻ ആകുമായിരുന്നു. യേശു ഒരു എതിരാളിയായി അങ്ങനെ മാറിയിരുന്നെങ്കിൽ ദൈവത്തിന്റെ കയ്യിൽ ശാശ്വതമായ പാപമായ ഒരു ദുഷ്ടജീവി ഉണ്ടാകുമായിരുന്നു. ദൈവത്തിന് അനുവദിക്കാനാവാത്ത പാപം ശാശ്വതമായി നിലനിൽക്കുമായിരുന്നു. കൂടാതെ യേശു എന്നേക്കും ദൈവത്തിന്റെ ഇഷ്ടം തിരഞ്ഞെടുക്കും എന്നും തന്റെ പുത്രനും അവകാശിയും കാര്യസ്ഥനും പ്രതിപുരുഷനുമായി എല്ലാ ദൈവീക നിർണ്ണയങ്ങൾക്കും പദ്ധതികൾക്കും പൂർണ്ണമായും സഹകരിക്കുമെന്നും ഉറപ്പുണ്ടാകേണ്ടിയിരുന്നു. അതുകൊണ്ട് തന്റെ വിജയത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായിട്ട് ദൈവം ഇച്ഛിക്കുന്നതുതന്നെ യേശുവും പ്രവൃത്തിക്കുമെന്ന് യേശുവിൽ നിന്നും

**പാനപാത്രത്തിന്റെ പാഠങ്ങൾ**

**പാനം ചെയ്യുന്നത്:**

ഈ പാനപാത്രം കുടിക്കുന്നതിന് തന്റെ മടിയിലിരുന്ന പുത്രനെ നൽകിയ ദൈവത്തിന്റെ വലിയ ത്യാഗത്തെ അഭിനന്ദിക്കുക.

ആ പാനപാത്രം മനസ്സോടും താഴ്മയോടും വിനയത്തോടും വിശ്വസ്തതയോടും തികവോടും കുടിക്കുന്നതിൽ വെളിവാക്കപ്പെട്ട യേശുവിന്റെ വ്യക്തിത്വത്തെയും സ്വഭാവത്തെയും വാക്കിനെയും വേലയെയും വളരെ വിലമതിക്കുക.

നമ്മുടെ പാനപാത്രവും ദൈവം നമുക്ക് നൽകിയതാണെന്ന് ആത്മാർത്ഥതയോടെ വിശ്വസിക്കാം.

യേശു തന്റെ പാനപാത്രം സ്വീകരിച്ച അതേ ആത്മാവോടെ നമുക്കും നമ്മുടെ പാനപാത്രം മനസ്സോടും താഴ്മയോടും വിനയത്തോടും വിശ്വസ്തതയോടും സ്വീകരിക്കാം.

ദൈവത്തിന് തെളിവു വേണമായിരുന്നു. ദൈവേഷ്ടം നിറവേറ്റുന്നതിൽ ഒരു മനുഷ്യനും ഒരു പുതിയ സൃഷ്ടിക്കും അനുഭവിക്കാൻ കഴിയുന്നതിന്റെ പരമാവധിയിൽ വിശ്വസ്തത പാലിച്ചുകൊണ്ട് യേശു ഇതിന് തെളിവു നൽകേണ്ടിയിരുന്നു. ദൈവം എന്തുതന്നെ ഇച്ഛിച്ചാലും യേശു വിശ്വസ്തതയോടെ ഏത് സാഹചര്യത്തിലും ദൈവത്തിനു വേണ്ടി നിലയുറപ്പിച്ചു സഹിക്കും എന്നതിന് ദൈവത്തിന് സ്വീകാര്യമായ തെളിവ് വേണമായിരുന്നു. യേശുവിന് ആ പാനപാത്രം കുടിക്കുവാൻ കൊടുക്കുന്നതിൽ ദൈവം ജ്ഞാനം ഇല്ലാത്തവനും അനീതിയുള്ളവനും സ്നേഹം ഇല്ലാത്തവനും ശക്തി ഹീനനും ആയിരുന്നില്ല. സത്യത്തോടും നീതിയോടും വിശുദ്ധിയോടും തന്നോടും യേശുവിനോടും സഭയോടും മഹാപുരുഷാരത്തോടും പുരാതന വീരന്മാരോടും യുവവീരന്മാരോടും എപ്പിഫനി പാളയ സമർപ്പിതരോടും ദൂതന്മാരോടും മനുഷ്യരാശിയോടും ഭാവിയിൽ സൃഷ്ടിക്കപ്പെടുവാൻ ഇരിക്കുന്ന ദൈവത്തിന്റെ സകല സൃഷ്ടികളോടും ഉള്ള തന്റെ ജ്ഞാനത്തിന്റെയും ശക്തിയുടെയും നീതിയുടെയും സ്നേഹത്തിന്റെയും പാരമ്യം അതിലൂടെ വെളിപ്പെടുത്തുന്നു എന്നും വ്യക്തമാണ്.

എന്നാൽ ഈ പാനപാത്രം യേശുവിനു നൽകുന്നതിന് ദുഷ്ട മനുഷ്യർക്കു ദൈവം അനുമതി നൽകുകയും ആ പാനപാത്രം യേശു കുടിക്കണം എന്നുള്ളത് ദൈവത്തിന്റെ നിശ്ചയം ആയിരിക്കുകയും ചെയ്യുകയിൽ യേശുവിന്റെ ശിഷ്യന്മാരിൽ പ്രത്യേകിച്ച് പത്രൊസ് അത് തടയുവാൻ ശ്രമിച്ചു. തീർച്ചയായും അങ്ങനെ ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചത് അവരിൽ പ്രബലമായിരുന്ന ജഡിയ മനസ്സിന്റെ സ്വാധീനം മൂലമാണ്. അവരിൽ നിറഞ്ഞുനിന്ന യഹൂദ കാഴ്ചപ്പാട് മൂലം മശിഹായുടെ വ്യക്തിത്വവും സ്വഭാവവും വേലയും യേശുവിന്റെ പരീക്ഷ അനുഭവങ്ങളിൽ ദൈവം രൂപകൽപ്പന ചെയ്തിരുന്നതും മനസ്സിലാക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. മശിഹായുടെ രണ്ടുവരവിനെയും പാപത്തിനു വേണ്ടി കഷ്ടം അനുഭവിക്കുന്നതിനു വന്ന ഒന്നാം വരവിനെയും യഥാസ്ഥാപനം വഴി ശാപത്തെ നീക്കുന്നതിനു വന്ന രണ്ടാം വരവിനെയും അവർ മനസ്സിലാക്കിയില്ല. അതുകൊണ്ട് ക്രിസ്തുവിന്റെ അവസാന ഭൗമിക അനുഭവങ്ങളിലുണ്ടായ സംഭവ പരമ്പരകളുടെ ഒഴുക്കിനെ നേരിടുവാൻ അവർ ഒരുക്കപ്പെട്ടവരായിരുന്നില്ല. അതിനു വിപരീതമായി അവർക്കും പങ്കുവയ്ക്കപ്പെടും എന്നു പ്രതീക്ഷിച്ച മശിഹായിൻ ശക്തിയും മഹത്വവും യേശു സ്വയം ഏറ്റെടുക്കുകയാണെന്ന് വിശ്വസിച്ചപ്പോഴും പിടിക്കപ്പെടുന്നതിൽ നിന്നും സംഭവിക്കാവുന്ന മരണത്തിൽ നിന്നും അവനെ വിടുവിക്കുന്നതിന് ശ്രമിക്കുക എന്നുള്ളത് അവരെ സംബന്ധിച്ചിടത്തോളം വളരെ സ്വാഭാവികമായ കാര്യം മാത്രമായിരുന്നു. അങ്ങനെ അവരുടെയും പത്രൊസിന്റെയും പരിശ്രമം തങ്ങളുടെ പ്രിയപ്പെട്ട കർത്താവിന്റെ മേൽവരുന്ന ഭൗമിക തിന്മയെ തടയുന്നതിനായിരുന്നു. അതിന് വളരെ നാളുകൾക്ക് ശേഷം എഴുതപ്പെട്ട ഒരു പാട്ടിന്റെ മനോനിലയാണ് അവർ അവിടെ പ്രദർശിപ്പിച്ചത്. തീർച്ചയായും കാഴ്ചപ്പാടില്ലാത്ത അവിശ്വാസം തെറ്റ് ചെയ്യുന്നതിനു പ്രേരിതമാകും. അതുവഴി അവന്റെ വേലയെ വ്യർത്ഥമെന്ന് തെളിയിക്കാൻ കഴിയും. ദൈവം അവന്റെ വ്യാഖ്യാതാവും ഇത് വ്യക്തമാക്കുന്നവനുമാണ്.

ജഡിക മനസ്സ് അതിന്റെ അന്ധതയും വൈകല്യങ്ങളും നിമിത്തം ദൈവത്തോടുള്ള ശത്രുതയിൽ ആണെന്ന് അന്ന് ശിഷ്യന്മാരെ പഠിപ്പിക്കുന്നതിനും ഇന്നു നമ്മെ പഠിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. മനുഷ്യർ തങ്ങളെ ദൈവത്തിന്റെ രഥത്തിന്റെ വഴിയിൽ വെക്കരുത്. അങ്ങനെ ചെയ്താൽ അത് അവരുടെ മേൽ ഓടിക്കയറുകയും അവർക്ക് മുറിവ് പറ്റുകയും ചെയ്യും. തന്റെ വഴികളെല്ലാം ദൈവം തയ്യാറാക്കുന്നത് ആയതുകൊണ്ട് ഉത്തമവും സ്വസ്ഥതയിലേക്ക് നയിക്കുന്നതും ആകുന്നു.

ദൈവത്തിന്റെ ഇഷ്ടം ഇക്കാര്യത്തിൽ എന്തായിരുന്നാലും അതിൽ തന്റെ കൂട്ടുകാർ ഇടപെടാൻ ശ്രമിച്ച

പ്പോൾ പിതാവിന്റെ ഇഷ്ടത്തോട് യോജിച്ചുകൊണ്ട് യേശു തന്റെ സമർപ്പണത്തെ വെളിപ്പെടുത്തിയത് എന്റെ പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ എന്ന് ചോദിച്ചുകൊണ്ടാണ്. അത് സൗമ്യതയും വിശുദ്ധിയും ഉള്ള ദൈവത്തിന്റെ ആ കുഞ്ഞാട് തന്റെ ജീവിതത്തിലെ ദൈവഹിതം തിരിച്ചറിഞ്ഞ് അതിന്റെ കയ്പേറിയ അന്ത്യം വരെ അതിനെ പിന്തുടരുവാൻ ഉള്ള തന്റെ സമ്മതം അറിയിച്ചു. അങ്ങനെ അവൻ ആ പാനപാത്രത്തിന്റെ കൈപ്പേറിയ അവസാന തുള്ളി വരെ കുടിച്ചു. അങ്ങനെ അവൻ ബന്ധിക്കപ്പെടുവാനും ആദ്യം ഹന്നാസിന്റെയും കയ്യഫാവിന്റെയും പിന്നെ സാൻഹെദ്രിൻ സംഘത്തിന്റെയും തുടർന്ന് പീലാത്തോസിന്റെയും അടുക്കലും പിന്നെ കാൽവരിയിലും പിന്നെ ക്രൂശിലേക്കും വരെ വലിച്ചിഴയ്ക്കപ്പെടുവാൻ തന്നെ പൂർണ്ണമനസ്സോടെ ഏൽപ്പിച്ചു കൊടുത്തു. ഏറ്റവും അന്യായമായ, പരിഹാസപൂർവ്വമായ രണ്ട് വിചാരണകൾക്കും താൻ കീഴടങ്ങി. അതിൽ ഒന്ന് സഭാ മുമ്പാകെയും രണ്ടാമത്തേത് മതേതര ന്യായാസനത്തിന് മുൻപാകെയും ഉള്ളതായിരുന്നു. യഹൂദ റോമൻ പട്ടാളക്കാർ അവനു നൽകിയ നാണക്കേടും നിന്ദയും പരിഹാസവും അവൻ എതിർപ്പ് കൂടാതെ സഹിച്ചു.

തുപ്പലിനും അടിക്കും ഇടിക്കും താടിയിൽ നിന്നും രോമം പിഴുതെടുക്കുന്നതിനും അവന്റെ മുഖം താൻ മറച്ചില്ല. തന്റെ ബലഹീനവും ചതഞ്ഞതുമായ മുതുകിലും തോളിലും ഭാരമേറിയ കുരിശു വെച്ചതിനും ചമ്മട്ടി കൊണ്ട് അടിച്ചതിനും അവൻ സമ്മതത്തോടെ വഴങ്ങി കൊടുത്തു. അവൻ തന്റെ വിശുദ്ധ കൈകളെ ക്രൂശിന്മേൽ നീട്ടാനും ക്രൂശോട് ചേർത്ത് ആണി കൊണ്ട് അടിക്കുന്നതിനും തന്നെ ക്രൂശോടുകൂടി ഉയർത്തുവാനും കുഴിച്ചിരിക്കുന്ന കുഴിയിൽ ഭാരത്തോടെ ഇടുവാനും തന്നെത്താൻ മനസ്സോടെ അനുവദിച്ചു. അങ്ങനെ അവൻ ഉയർത്തപ്പെട്ടു. തന്റെ കയ്യിലും കൈപ്പത്തിയിലും കാലിലും കാൽപാദത്തിലും ഉള്ള കെട്ടുകൾ മൂലം രക്തം അവിടേക്ക് പോകാതെ അവന്റെ ശിരസ്സിലേക്ക് പോവുകയും അങ്ങനെ അവനെ പനിയും അതിന്റെ ചൂടും വേദനയും കൊണ്ട് കഠിനമായ തലവേദനയും വന്നത് അവൻ മനസ്സോടെ സഹിച്ചു. അവൻ ജനത്തിന്റെ നിന്ദ്യമായ നോട്ടങ്ങളും ശത്രുതാപരമായ ചേഷ്ടകളും പരിഹാസപൂർവ്വമായ എതിർപ്പുകളും ക്രൂരമായ ശകാരങ്ങളും താഴ്മയോടെ സഹിച്ചു. തന്റെ മാനുഷിക മാതാവിന്റെയും ഉറ്റവരുടെയും സുഹൃത്തുക്കളടക്കമുള്ളവരുടെയും സങ്കടവും നിരാശയും പരിഭവവും സഹതാപത്തോടെ സഹിച്ചു. പാപഭാരം വഹിക്കുന്ന ഒരുവൻ എന്ന നിലയിൽ ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടാൽ എന്ന പോലെയുള്ള ഭീതിയും അവൻ അനുഭവിച്ചു. ഇവയൊക്കെയും സ്വമനസ്സാലെയും താഴ്മയോടും വിനയത്തോടും കൂടെ സഹിച്ചു. ചിന്തയിലും ലക്ഷ്യത്തിലും വാക്കിലും പ്രവൃത്തിയിലും പൂർണമായി അവൻ ഇതെല്ലാം സഹിച്ചു. ദൈവത്തിന്റെ താഴ്മയും വിനയവുമുള്ള കുഞ്ഞാട് തലകുനിച്ച് മരണത്തിനു കീഴടങ്ങി - തന്റെ പാനപാത്രത്തിലെ അവസാന തുള്ളി വരെ അവൻ കുടിച്ചു.

**നാം പഠിച്ചതിൽ നിന്നുള്ള ചില പാഠങ്ങൾ :**

പിതാവ് തനിക്ക് നൽകിയ പാനപാത്രം യേശു കുടിച്ചു എന്ന വിഷയത്തിന്റെ പഠനത്തിൽ നിന്ന് നമ്മുടെ നന്മയ്ക്കായിട്ട് ചില കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഈ പഠിച്ചതിൽ നിന്നുള്ള ആദ്യത്തെ പാഠം : തന്റെ ഹൃദയനിധിയായ പുത്രനെ ഈ പാനപാത്രം കുടിക്കാൻ അയച്ചതിലൂടെ ഒരു വലിയ യാഗമായി ദൈവം നൽകിയതിനെ നമുക്ക് വിലമതിക്കാം. അതിലുള്ള ദൈവത്തിന്റെ തന്നെ മഹത്തായ ത്യാഗം കാണുന്നതിൽ ഭൂരിഭാഗം ആളുകളും പരാജയപ്പെടുന്നു. അന്ധകാരയുഗത്തിലെ മതപ്രമാണങ്ങൾ തന്റെ പുത്രനെ പാപികൾക്ക് പകരക്കാരൻ ആക്കിയത് കൊണ്ട് ദൈവത്തെ തന്റെ പുത്രനോടു പക നിറഞ്ഞവനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അങ്ങനെ ഈ ഇടപാടിലൂടെ ദൈവത്തെ അവർക്ക് വേണ്ടുന്നതു പോലെ വിലമതിക്കാൻ കഴിയുന്നില്ല. വേദതിരുവെഴുത്തുകളിൻ പ്രകാരം ഈ വിഷയത്തിൽ ഏറ്റവും കൂടുതൽ കഷ്ടം സഹിച്ചയാൾ ദൈവമാണ്. 34 വർഷത്തിലധികം കാലം തന്റെ ശത്രുക്കൾക്കായി ലോഗോസും ആയുള്ള കൂട്ടായ്മ കൈവെടിഞ്ഞു. അവർക്കുവേണ്ടി ലോഗോസ് പ്രകൃതിയിലും ബഹുമാനത്തിലും അധികാരത്തിലും തന്നെത്താൻ താഴ്ത്തി ഇറങ്ങിയത് സ്വർഗ്ഗസ്ഥ പിതാവ് കണ്ടു. അവന്റെ മൂന്നര വർഷ ശുശ്രൂഷകാലത്തെ അധ്വാന ഭാരവും ദാരിദ്ര്യവും ക്ഷീണവും ഏകാകിത്വവും തെറ്റിദ്ധരിക്കലുകൾക്കിടയാക്കിയതും തനിക്കുണ്ടായ എതിർപ്പുകളും എല്ലാം പിതാവ് കണ്ടു. അവസാനം ആ കൈപ്പേറിയ പാനപാത്രം താൻ കുടിച്ചതിനും പിതാവ് സാക്ഷിയായി.

ഏറ്റവും സ്നേഹമുള്ള മാനുഷിക പിതാക്കന്മാർക്ക് പോലും സഹിക്കാൻ കഴിയാതിരുന്നത് സ്വർഗീയ

പിതാവിന് എങ്ങനെ സഹിക്കാൻ കഴിഞ്ഞു. സത്യത്തോടും നീതിയോടും വിശുദ്ധിയോടുമുള്ള തന്റെ ഭക്തികൊണ്ടും തന്റെ പുത്രന്മാരോടും ദാസന്മാരോടും മനുഷ്യവർഗ്ഗത്തോടും അവരുടെ ഭാവി സംബന്ധിച്ച ശുഭപ്രതീക്ഷയോടു കൂടിയ സ്നേഹം കൊണ്ടും തന്റെ അവകാശിയും കാര്യസ്ഥനും പ്രതിപുരുഷനുമാക്കി തീർക്കുവാൻ താൻ ഉദ്ദേശിച്ചിരുന്ന പുത്രനോടുള്ള സ്നേഹം കൊണ്ടും തന്റെ ഭാവി സൃഷ്ടികളോടുള്ള സ്നേഹം കൊണ്ടും അങ്ങനെ തന്റെ പുത്രനോടുകൂടെ ഈ പാനപാത്രം കുടിക്കുവാൻ പ്രാപ്തരായിത്തീരുന്ന ഓരോരുത്തരോടുമുള്ള സ്നേഹം കൊണ്ടുമായിരുന്നു തനിക്കതിനു കഴിഞ്ഞത്. അത്തരം സാഹചര്യങ്ങളിൽ ഏതു ഭൗമിക പിതാവാണ് ഏറ്റവും ദുഃഖിക്കാത്തത്. ഇവിടെ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും നിഴൽ ചിത്രത്തിൽ യിസ്ഹാക്കിനേക്കാൾ കൂടുതൽ ദുഃഖിച്ചത് അബ്രഹാം ആയിരുന്നു. അതിന്റെ പൊരുൾ ചിത്രം വഹിക്കുന്നത് യഹോവയും യേശുവുമാണ്. ഇവിടെ മുമ്പുണ്ടായിട്ടില്ലാത്തതും ഇനി ഉണ്ടാകാത്തതുമായ ഉൽകൃഷ്ടവും മഹത്തരവും ഉത്തമവുമായ ഒരു കഥാപാത്രമായിട്ടാണ് ദൈവത്തെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് അത്യുന്നതവും മാഹാത്മ്യമേറിയതും നല്ലതുമായി മറ്റാർക്കും അർഹിക്കാത്തതായ വിലമതിപ്പും അഭിനന്ദനവും അർഹിക്കുന്നത് യഹോവ മാത്രമാണ്. അതുകൊണ്ട് ഈ പഠനത്തിൽ നിന്ന് യേശുവിന്റെ പാനപാത്രത്തിന് ഉന്നതമായ സ്വീകാര്യത പിതാവ് നൽകി എന്നു കാണാവുന്നതാണ്. നമ്മുടെ ദരിദ്രവും ബലഹീനവും വീഴ്ച ഭവിച്ചതുമായ കഴിവുകൾക്ക് ഉൾക്കൊള്ളുവാനും പ്രകടിപ്പിക്കുവാനും കഴിയുന്നതിലും ഉന്നതമായ അർത്ഥത്തിൽത്തന്നെ പിതാവ് അതിനെ കണ്ടു. ഓ നമുക്ക് വണങ്ങി നമസ്കരിച്ച് ആരാധിക്കാം. എല്ലാവരുടെയും നന്മയ്ക്ക് വേണ്ടി അത്തരം ഒരു പാനപാത്രം കുടിപ്പാൻ യേശുവിനു നൽകിയ സ്വഭാവ മഹത്വമുള്ള വന്റെ മുമ്പിൽ നമുക്ക് മുട്ടു മടക്കാം. നമുക്ക് ആ സ്വർഗ്ഗസ്ഥ പിതാവിനെ വണങ്ങി നമസ്കരിച്ച് ആരാധിക്കാം. നന്ദി നിറഞ്ഞ ഹൃദയത്തോടെ വിലമതിപ്പോടും സ്നേഹത്തോടും കൂടി നമുക്കുള്ളതെല്ലാം അവന്റെ മുമ്പിൽ സമർപ്പിക്കാം.

ഈ പാഠഭാഗത്തിൽനിന്ന് നാം പഠിക്കേണ്ട രണ്ടാമത്തെ പാഠം: പൂർണമനസ്സോടും തികഞ്ഞ സൗമ്യതയോടും വളരെ വിനയത്തോടും വളരെ വിശ്വസ്തമായും പരിപൂർണ്ണമായ അർത്ഥത്തിലും തന്റെ ഈ പാനപാത്രം കുടിക്കുന്നതിൽ യേശു പ്രദർശിപ്പിച്ച വ്യക്തിത്വത്തെയും സ്വഭാവത്തെയും സംസാരത്തെയും പെരുമാറ്റത്തെയും എല്ലാം നമുക്ക് ഉന്നതമായ അർത്ഥത്തിൽ വിലമതിക്കാം. തന്റെ ഈ പാനപാത്രം കുടിക്കുന്നതിൽ അടങ്ങിയിരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും തയ്യാറെടുപ്പുകൾ നടത്തുന്നതിനോ അതുപോലുള്ള മറ്റെന്തെങ്കിലും കാര്യങ്ങളിൽ ഏർപ്പെടുന്നതിനോ താൻ നിർബന്ധിതനായില്ല എന്നും നമുക്ക് ഓർക്കാം. പ്രകൃതിയിലും ബഹുമാനത്തിലും തരംതാണ് ഒരു മനുഷ്യജീവിയായി തീരുന്നതിന് ലോഗോസ് എന്ന നിലയിൽ തനിക്കുണ്ടായിരുന്ന പ്രകൃതിയും ബഹുമാനവും പദവിയും എല്ലാം മനപൂർവ്വമായി തന്നത്താൻ ഉപേക്ഷിച്ചു കളഞ്ഞു. മനസ്സോടെ അവൻ 34 വർഷത്തിലധികം കാലത്തെ തന്റെ പിതാവിന്റെ അസാന്നിധ്യവും മൂന്നര വർഷക്കാലത്തെ കഠിനാധ്വാനവും ദാരിദ്ര്യവും അഴൽച്ചയും ഏകാകിത്വവും തെറ്റിദ്ധരിപ്പിക്കലും എതിർപ്പുകളും സഹിച്ചു. അധിവേദനകളാകുന്ന തന്റെ അവസാനത്തെ പാനപാത്രത്തിന്റെ കൈപ്പേറിയ അനുഭവങ്ങളുടെ ഓരോ രുചിയും അത് തീരുവോളം മട്ടു വരെ മനസ്സോടെ ഊറ്റി കുടിച്ചു. തന്റെ പ്രിയപ്പെട്ട പിതാവിനെ പ്രസാദിപ്പിക്കുന്നതിനും എല്ലാ തിരഞ്ഞെടുപ്പ് ഗണങ്ങളെയും നേടുന്നതിനും ലോകത്തെ വീണ്ടെടുത്ത് അനുഗ്രഹിക്കുന്നതിനും അനുതാപമുള്ള വീഴ്ച ഭവിച്ച ദൂതന്മാരെ യഥാസ്ഥാനപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമായി പുരോഗമന സത്യവും നീതിയും വിശുദ്ധിയും ദൈവനാമമഹത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായി നൽകുന്നതിനുള്ള ദൈവത്തിന്റെ അവകാശിയും കാര്യസ്ഥനും പ്രതിപുരുഷനുമായി തീരുന്നതിനും വേണ്ടി ഇതെല്ലാം ചെയ്യുന്നതിനും സഹിക്കുന്നതിനും അവൻ മനസ്സുള്ളവനായിരുന്നു. അവൻ തന്റെ പാനപാത്രം കുടിക്കുന്നതിലൂടെ അവന്റെ സ്വഭാവം ശോഭിക്കുന്നതിനെക്കുറിച്ച് നാം പരിചിന്തിക്കുന്ന പ്രകാരം നമുക്ക് അവന്റെ മുമ്പിൽ തലകുനിച്ചു വണങ്ങി നമസ്കരിക്കാം. ദൈവസിംഹാസനത്തിന്റെ അവകാശിയായ ഒരുവനായി കാണപ്പെടുന്നത് കൊണ്ട് നമുക്ക് അവന്റെ മുമ്പിൽ മുട്ടുമടക്കാം. ദൈവിക സ്വഭാവം കഴിഞ്ഞാൽപ്പിന്നെ യേശുവിന്റെ സ്വഭാവമാണ് ദൈവത്തിന്റേതായിരിക്കുന്ന ഈ അണ്ഡകടാഹത്തിൽ ഏറ്റവും വിലമതിക്കത്തക്കതും ഏറ്റവും സ്തുത്യർഹവും ഏറ്റവും ശ്രേഷ്ഠവുമായ കാര്യം. അതെ, അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിക്കാൻ യോഗ്യൻ. അവൻ തന്റെ

പാനപാത്രം കുടിക്കുന്നതിനെക്കുറിച്ചുള്ള നമ്മുടെ ഭക്തിപൂർവ്വമായ ധ്യാനപരിചിന്തനത്തിൽ നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നത് പിതാവിന് കീഴിൽ വിശുദ്ധിയിൽ അത്യുന്നതമായി വിലമതിക്കേണ്ട സർവ്വാംഗ സുന്ദരനായ ഒരുവൻ അവൻ ആണെന്നുള്ളതാണ്.

യേശു തന്റെ പാനപാത്രം കുടിച്ചതിൽ യേശുവിൽ നിന്നും നാം പഠിക്കേണ്ട കൃത്യവും ശരിയുമായ മൂന്നാമത്തെ പാഠം: നമ്മുടെ പാനപാത്രവും പിതാവാണ് നമുക്ക് നൽകുന്നതെന്ന് ഹൃദയപൂർവ്വമായി നമുക്ക് വിശ്വസിക്കാം. നമുക്കുണ്ടാകുന്ന വിപരീതവും കഠിനവും അംഗീകരിക്കാൻ പറ്റാത്തതുമായ അനുഭവങ്ങളിൽ നാം സാത്താന്റെയും ലോകത്തിന്റെയും മേൽ കുറ്റങ്ങൾ ആരോപിക്കുന്നത് സാധാരണമാണ്. തീർച്ചയായും സാത്താനും ലോകവും ഒരു രണ്ടാം മുഖാന്തരം ആയിരിക്കും. ഇതിനുള്ള ഒന്നാമത്തെ കാരണം ഇതായിരിക്കുകയില്ല. ദൈവം അതിനുള്ള അനുമതി കൊടുക്കുന്നില്ലെങ്കിൽ അവർക്ക് നമുക്കെതിരായി ഒന്നും ചെയ്യാൻ കഴിയുകയില്ല. ക്രിസ്തു പീലാത്തോസിനോടു പറഞ്ഞ വാക്കുകളാണ് ഇതിൽ അടങ്ങിയിരിക്കുന്ന തത്വം. മേലിൽ നിന്നു നിനക്കു കിട്ടിയിട്ടില്ലെങ്കിൽ എന്റെമേൽ നിനക്ക് ഒരു അധികാരവും ഉണ്ടാവുകയില്ലായിരുന്നു (യോഹ. 19:11). തന്റെ ശരീരാംഗങ്ങളുടെയെല്ലാം കാര്യത്തിൽ ഇത് ബാധകമാണ്. അതുകൊണ്ട് ദൈവത്തിന്റെ അനുമതി കൂടാതെ ആർക്കും അവർക്കെതിരായി യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല. അപ്രതീക്ഷിതമായി വിശുദ്ധന്മാരുടെ മേൽ യാതൊരു വിപരീത അനുഭവങ്ങളും വരികയില്ല. വിശുദ്ധന്മാരുടെ മേൽ വരുന്ന എല്ലാ കാര്യങ്ങളും ദൈവം രൂപകൽപ്പന ചെയ്യുന്നതാകയാൽ വിശുദ്ധമാരുടെ ജീവിതത്തിൽ ഏറ്റവും ചെറിയ കാര്യങ്ങൾ ഉൾപ്പെടെ യാതൊരു യാദൃശ്ചിക സംഭവങ്ങളും ഉണ്ടാകുന്നില്ല (മത്താ. 10:29-31). അവരുടെ നന്മയ്ക്കായി സകലതും ദൈവം കൈകാര്യം ചെയ്യുന്നു (റോമ. 8:28,29; 2 കൊരി. 4:16-18). കൂടിപ്പോയാൽ സാത്താനും ലോകത്തിനും ഒരു ചാണക്കല്ലിന് ദൈവത്തിന്റെ കത്തിക്ക് മൂർച്ചകൂട്ടാൻ കഴിയുന്നതിലും അല്ലെങ്കിൽ ഒരു ചാണക്കല്ലിന് ദൈവത്തിന്റെ ക്ഷൗരക്കത്തിക്ക് മൂർച്ച കൂട്ടാൻ കഴിയുന്നതിലുമോ അല്ലെങ്കിൽ ഒരു കല്ലുളിക്ക് ദൈവത്തിന്റെ ആലയത്തിന്റെ കല്ലിലെ വേണ്ടാത്ത മുഴ നീക്കിക്കളയാൻ കഴിയുന്നതിലുമോ അല്ലെങ്കിൽ മിനുക്കുകടലാസിന് ഈ കല്ലുകളിൽ നിന്നും പരുപരിപ്പിനെ നീക്കി കളയാൻ കഴിയുന്നതിലുമോ അല്ലെങ്കിൽ ഒരു പോളീഷിംഗ് ഉപകരണത്തിന് പോളിഷ് ചെയ്യാൻ കഴിയുന്നതിലുമോ അല്ലെങ്കിൽ ഒരു ഉലയ്ക്ക് ഉരുക്കി ദൈവജനങ്ങളിൽ നിന്ന് കീടം നീക്കി ശുദ്ധീകരിച്ച് അവരെ ശുദ്ധ പൊന്നും വെള്ളിയും ആക്കാൻ കഴിയുന്നതിലുമോ കൂടുതലൊന്നും ചെയ്യാൻ കഴിയുകയില്ല.

അതിനുള്ള കാരണം വ്യക്തമാണ്. നാം ക്രിസ്തുവിന്റെ പാഠശാലയിലെ പഠിതാക്കളാണ്; അവിടെ പഠിപ്പിക്കുന്ന എല്ലാ പാഠങ്ങളും നൽകുന്ന ഓരോ പരിശീലനങ്ങളും ദൈവത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും അനുശാസനങ്ങളിലും കൂടെ വരുന്നതാണ്. ദൈവജനങ്ങളുടെ കാലഗതികൾ ദൈവത്തിന്റെ കൈകളിലാണ് (സങ്കീ. 31:15); അതുപോലെ അവർക്കുള്ള പാഠങ്ങളും അനുഭവങ്ങളും ദൈവത്തിന്റെ കൈകളിലൂടെ വരുന്നതാണ്. അവരുടെ പൂർണ്ണതയിലേക്കുള്ള പുഷ്ടിപ്പെടലിന് അവർക്ക് എന്താണ് ആവശ്യമുള്ളതെന്നും അവരുടെ അശുദ്ധി നീക്കി ശുദ്ധീകരിക്കുന്നതിന് അവർക്ക് എന്താണ് ആവശ്യമുള്ളതെന്നും അവനറിയുന്നു. അങ്ങനെ അവരുടെ അനുഭവങ്ങളുടെ ഈരണ്ടു വശവും അവൻ പരിപൂർണ്ണതപ്പെടുത്തുന്നു. അവൻ തെറ്റുവാൻ കഴിയാത്ത ജ്ഞാനിയും ഈ രണ്ടു കാര്യങ്ങളിൽ ജയം പ്രാപിക്കുന്നതിന് അല്ലാതെ കഷ്ടം അനുവദിക്കാത്ത ദയാലുവുമാണ്. നമുക്ക് വിശ്വാസത്തിൽ നല്ല ഉറപ്പുള്ളവർ ആയിരിക്കാം. സാത്താനും ശത്രുക്കളായ മനുഷ്യരും അനുഭവങ്ങൾ തിന്മയ്ക്ക് ആക്കുമ്പോൾ ദൈവം അനുഭവങ്ങൾ നന്മയ്ക്കാക്കുന്നു. യോസേഫിന്റെയും സഹോദരന്മാരുടെയും അനുഭവങ്ങൾ ഇത് തെളിയിക്കുന്നു. നാം ഇത് ഹൃദയപൂർവ്വമായി വിശ്വസിക്കുമ്പോൾ ഇത് നമ്മുടെ ധാരാളമായ വേദനകളെ അടിപ്പാടുകളിൽ നിന്നും മാറ്റിക്കളയുന്നു. കൈപ്പിനെ നമ്മുടെ ദുഃഖത്തിൽ നിന്നു മാറ്റി കളയുന്നു. കണ്ണുനീരിനെ നമ്മുടെ കണ്ണിൽ നിന്നും നീക്കിക്കളയുന്നു. ഇത് ഇടർച്ചക്കല്ലിനു പകരം ചവിട്ടുപടികളായി തീരുകയും അങ്ങനെ നമുക്ക് ദുഃഖത്തിന്റെ അരുവി കുറുകെ കടക്കാനും കഴിയും. ഇത് നമ്മുടെ വലിയ ഭാരത്തെ ലഘുവാക്കും. അതിന്റെ ഞെരുക്കുന്ന ശക്തിയെ നിർവീര്യമാക്കും. ഇത് നമ്മുടെ തൂങ്ങിക്കിടക്കുന്ന കൈയെ ഉയർത്തുകയും മന്ദീഭവിച്ച കാലിനേയും പാദത്തേയും വേഗത്തിലാക്കുകയും ചെയ്യും. നമ്മുടെ സകല വിപരീതാനുഭവങ്ങളും നമ്മെ സഹായിക്കുന്നതിനുള്ളതാണ്. അത് നമ്മെ സംബന്ധിച്ചുള്ള ദൈവിക കാര്യക്രമങ്ങളുടെ ഉന്നത വിജയത്തിന്റെ സഹായാർത്ഥമുള്ളതുമാണ്. ഇതു നാം ഉറച്ചു വിശ്വസിക്കണം.

നമ്മുടെ പഠനത്തിനും പരിശീലനത്തിനുമായി നമ്മുടെ വേദഭാഗം നിർദ്ദേശിക്കുന്ന നാലാമത്തെ പാഠം: യേശു തന്റെ പാനപാത്രത്തെ കൈക്കൊണ്ട അതേ ആത്മാവിൽ നമുക്കും നമ്മുടെ പാന പാത്രത്തെ കൈക്കൊള്ളാം. അവൻ തന്റെ പാനപാത്രം കുടിച്ചതിനെക്കുറിച്ച് കൂടുതലായി നാം കാണുന്നത് താൻ അതു പൂർണ്ണ മനസ്സോടും താഴ്മയോടും സൗമ്യതയോടും വിശ്വസ്തതയോടും കൂടെയായിരുന്നു കുടിച്ചതെന്നാണ്. അവനെപ്പോലെ നമുക്കും നമ്മുടെ പാനപാത്രത്തെ നമ്മാൽ ആവോളം മനസ്സോടും താഴ്മയോടും സൗമ്യതയോടും വിശ്വസ്തതയോടും പുർണ്ണരൂപത്തിലും സ്വീകരിക്കാം. സമർപ്പണത്തിൽ നാം നമ്മുടെ ഇഷ്ടവും ലോകത്തിന്റെ ഇഷ്ടവും പരിത്യജിച്ച് ദൈവ ഇഷ്ടം നമ്മുടെ ഇഷ്ടമായി സ്വീകരിച്ചവരാണ്. അതുകൊണ്ട് ദൈവിക ജ്ഞാനം നമുക്ക് പങ്കിട്ടു തരുന്ന അനുഭവഗതികൾ എന്തുതന്നെ ആയിരുന്നാലും അതിനു സ്വമനസാലെ വിധേയത്വം പാലിച്ച് ദൈവത്തിന്റെ നേർക്കുള്ള നമ്മുടെ സമർപ്പണ നേർച്ചയെ നിവർത്തിക്കാം. എല്ലാ പിറുപിറുപ്പും പരാതിയും സങ്കടവും ഒഴിവാക്കിക്കൊണ്ടും അനിഷ്ടത്തിന്റേതായ യാതൊരു ഭാവവും കൂടാതെയുമായിരിക്കണം അങ്ങനെ ചെയ്യുന്നത്. യേശുവിനെപ്പോലെ നമുക്ക് താഴ്മയോടെ നമ്മുടെ പാനപാത്രം വാങ്ങി കുടിക്കാം. അതിലുമുപരി തനിക്കു കുടിക്കുന്നതിനുവേണ്ടി പിതാവ് തന്നെ പകർന്നു നൽകിക്കൊണ്ടിരുന്ന പാനപാത്രമാണതെന്നു ചിന്തിച്ചുകൊണ്ട് അവൻ അത് കുടിച്ചു. തന്നെക്കാൾ വളരെയേറെ താണു നിൽക്കുന്നവരായ നാം പിതാവ് പകർന്നു നൽകുന്നതാണെന്നുള്ള ഈ ചിന്ത ഇല്ലെങ്കിൽ അവൻ കുടിക്കുന്നതിനോളം ലജ്ജാകരമല്ലാത്ത ഈ പാനപാത്രം എങ്ങനെ കുടിക്കും. അതുകൊണ്ട് നമ്മുടെ നിലപാടുകളിലും ഉദ്ദേശ്യങ്ങളിലും ചിന്തയിലും വാക്കുകളിലും പ്രവൃത്തികളിലും നമ്മെത്തന്നെ താഴ്ത്തി നമുക്കും നമ്മുടെ പാനപാത്രം കുടിക്കാം.




പാനപാത്രത്തിന്റെ കൈപ്പുരസം നമ്മുടെ ചുണ്ടുകളെ വിറപ്പിക്കയോ നമ്മുടെ അണ്ണാക്കുകളെ മടുപ്പിക്കയോ ചെയ്താലും പാനപാത്രത്തിൽ അടങ്ങിയിരിക്കുന്നതിനോട് നീരസമോ അതൃപ്തിയോ എതിർപ്പോ പ്രകടിപ്പിക്കാതെയും അതിനെതിരായി പ്രവൃത്തിക്കാതെയും അവനെപ്പോലെ തന്നെ നമുക്കും താഴ്മയോടെ ആ പാനപാത്രം കുടിക്കാം. മറിച്ച് നമ്മുടെ മനസ്സിനെ പഠിപ്പിക്കപ്പെടാവുന്നതും നമ്മുടെ വികാരാനുഭൂതികളെയും ഇഷ്ടത്തെയും എല്ലാം സ്നേഹബദ്ധവും അതിനോട് ചേർച്ചയായും നയിക്കപ്പെടാവുന്നതും ആക്കി തീർക്കണം. യാതൊരു തരത്തിലും തിന്മപ്പെട്ടവന്റെ ആത്മാവിനാലും അതിന്റെ വിധത്തിലും ആക്കി തീർക്കുകയും അരുത്. സകല പദ്ധതികളും നമ്മുടെ നന്മയ്ക്കായി തയ്യാറാക്കിയിരിക്കുന്ന ദൈവത്തിന്റെ ബലമുള്ള കരത്തിൽ സഹിഷ്ണുതയോടെ സമർപ്പിച്ചു കൊണ്ടായിരിക്കണം ഇങ്ങനെ ചെയ്യുന്നത്. അവസാനമായി നമ്മുടെ പാനപാത്രം കുടിക്കുന്നതിൽ വിശ്വസ്തരും കഴിയുന്നത്ര പൂർണ്ണരും ആയിരിക്കുവാൻ യേശുവിന്റെ മാതൃകയെ നോക്കി നമുക്കും പഠിക്കാം. ഈ പാനപാത്രം മധുരമുള്ളതാക്കി തീർക്കുന്നതിനുവേണ്ടി സത്യത്തിന്റെയും നീതിയുടെയും വിശുദ്ധിയുടെയും കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും നാം തയ്യാറാകരുത്. പ്രത്യേകിച്ച് ഈ പാനപാത്രം നാം കുടിക്കുന്നത് കർത്താവിന്റെ ഇഷ്ടമായി കണ്ടുകൊണ്ടും പിന്നെ നമ്മുടെ ബലഹീനതകൾക്കെല്ലാം കർത്താവിന്റെ കരുണയിൽ ആശ്രയിച്ചും ആവശ്യമുള്ള സമയങ്ങളിൽ എല്ലാം വേണ്ട സഹായ കൃപയിൽ ആശ്രയിച്ചും കർത്താവ് പാനപാത്രം നമ്മുടെ ചുണ്ടുകളിൽ മുട്ടിക്കുമ്പോൾ മാറ്റാതെ നമ്മുടെ ചുണ്ട് പാനപാത്രത്തോട് ചേർത്തുപിടിച്ചുകൊണ്ട് പരിപൂർണ്ണ വിശ്വസ്തതയോടെ അവസാനത്തെ തുള്ളി വരെ മട്ടോളം ഊറ്റി കുടിക്കാം. നമ്മെ സംബന്ധിച്ച കർത്താവിന്റെ ഇഷ്ടം ഇതാണെന്ന് തിരിച്ചറിഞ്ഞ് ഒരു വിധത്തിലും ഇതു മാറ്റാൻ ആഗ്രഹിക്കരുത്. സകല വിശ്വസ്തതയോടും സാധ്യമാകും വിധം മുഴുപൂർണ്ണതയോടും കൂടി യേശു കൈപ്പിന്റെ അവസാന തുള്ളി വരെ ഊറ്റികുടിച്ചതു പോലെ കുടിക്കുന്നതിനു സ്ഥിരോൽസാഹം ഉള്ളവരായിരിക്കാം. വിശ്വസ്തതയോടും പൂർണ്ണമായും യേശുവിനോട് ചേർന്ന് നിന്നുകൊണ്ട് പിതാവ് എനിക്ക് നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ട തല്ലയോ എന്ന് പറഞ്ഞുകൊണ്ട് അവന്റെ പാനപാത്രം കുടിക്കുന്നവർ അതു പാനം ചെയ്തു തീർന്നശേഷം കർത്താവിനോട് കൂടി രാജ്യത്തിൽ പുതിയ വീഞ്ഞ് കുടിക്കുന്നതിനുള്ള അവകാശം പ്രാപിക്കും.

# നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു

## YOUR FAITH HAVE SAVED YOU

**"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് " (ലൂക്കൊസ് 19:10)**

കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്, ഹ്രസ്വമായും സംക്ഷിപ്തമായും ഈ വാക്കുകൾ നമ്മുടെ കർത്താവിന്റെ ദൗത്യം വ്യക്തമാക്കുന്നു. ഇതിനെ ഗ്രഹിക്കുന്നതിനായി വായിക്കുന്നവരോട്, മുഴു ആദാമ്യ വംശത്തെക്കുറിച്ച്, പാപത്താലും അതിന്റെ ശിക്ഷയായ മരണത്താലും പാഴാക്കപ്പെട്ടതും, സ്വയം വീണ്ടെടുക്കാനുള്ള കഴിവിന്റെ പ്രതീക്ഷയില്ലാതെയും, വംശത്തിലെ ഏതെങ്കിലും ഒരു അംഗത്തിന് എന്നെങ്കിലും അത് വീണ്ടെടുക്കുവാനോ അല്ലെങ്കിൽ തന്റെ സഹോദരന് വേണ്ടി ദൈവത്തിന് മറുവില നല്കുവാനോ (സങ്കീ. 49:7) കഴിയുമെന്നുള്ള പ്രതീക്ഷയുമില്ലാത്ത മനുഷ്യരാശിയുടെ ഒരു ലോകത്തെക്കുറിച്ച് കൃത്യമായി പറയുന്നു. ഈ വാചകങ്ങൾ ഒരു പ്രതിവിധിയെ, മനുഷ്യപുത്രൻ നല്കുന്ന ഒരേയൊരു പ്രതിവിധിയെ പ്രസ്താവിക്കുന്നു. "അവൻ സമ്പന്നനായിരുന്നു, എന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിനു, നിങ്ങൾക്കുവേണ്ടി അവൻ ദരിദ്രനായി"- അവൻ തന്റെ സ്വർഗ്ഗീയ അവസ്ഥ ഉപേക്ഷിച്ച് മനുഷ്യപ്രകൃതിയിലേക്ക് സ്വയം താഴ്ത്തിയിട്ട്, "ദൈവ കൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിക്കേണമായിരുന്നു (2 കൊരി. 8:9; എബ്രാ. 2:9). ഇവിടെ "നഷ്ടപ്പെട്ടത്" എന്ന വാക്കിന്റെ അർത്ഥം ഗ്രഹിക്കാനുള്ള ശ്രമത്തോടനുബന്ധിച്ച് "രക്ഷിപ്പാൻ" എന്ന വാക്കിന്റെ അർത്ഥവും ഗ്രഹിക്കാൻ നമുക്ക് കഴിയുന്നു. എപ്രകാരം മനുഷ്യൻ പാപത്താലും മരണത്താലും നഷ്ടപ്പെട്ടുവോ അപ്രകാരം അവനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും വീണ്ടെടുക്കേണം.




ദൈവീക ക്രമീകരണത്തിൽ "രക്ഷിക്കപ്പെട്ടു" എന്നതിന്റെ അർത്ഥം, പാപത്തിൽ നിന്നും അതിന്റെ ശിക്ഷയായ മരണത്തിൽ നിന്നും അതിന്റെ എല്ലാ അനുബന്ധ ദുഃഖങ്ങളിൽ നിന്നും വേദനകളിൽ നിന്നും അപൂർണതയിൽ നിന്നും മരണത്തിൽ നിന്നും വീണ്ടെടുക്കപ്പെടുന്നു എന്നാണ്. എത്രയേറെ യുക്തിസഹവും വിവേകപൂർണ്ണവുമായ തിരുവെഴുത്തിന്റെ ആലോചനയാണിത്! യേശുവിന്റെ രണ്ടാം വരവിൽ മനുഷ്യരാശിക്ക് ലഭിക്കേണ്ട രക്ഷ "ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതു ഒക്കെയും യഥാസ്ഥാനത്താകുന്ന കാല"ങ്ങളിൽ (അപ്പൊ. 3:21) നഷ്ടപ്പെട്ട എല്ലാറ്റിന്റെയും വീണ്ടെടുക്കൽ അഥവാ പുനഃസ്ഥാപനം ആയിരിക്കുമെന്ന അപ്പൊസ്തലന്റെ പ്രസ്താവന ഇതിനെ എത്ര നന്നായി പിന്താങ്ങുന്നു. ഈ രക്ഷ വ്യക്തമായി ക്രിസ്തുവിന്റെ സഹസ്രാബ്ദകാല മദ്ധ്യസ്ഥഭരണത്തിൽ ആയിരിക്കുമെന്നിരുന്നാലും, 1874 മുതൽ ക്രിസ്തുവിന്റെ സഹസ്രാബ്ദ മധ്യസ്ഥഭരണം ആരംഭിക്കുന്നത് വരെ, ചിലർക്ക് കർത്താവ് രക്ഷയുടെ തുടക്കം നൽകുന്നു. അത്, ആരുടെയെല്ലാം കണ്ണുകളും ചെവികളും ദൈവീക കൃപകളുടെ സന്ദേശങ്ങൾക്കായി തുറന്നിരിക്കുകയും അവയെ ഹൃദയാത്മനാ അഭിനന്ദിക്കുകയും ചെയ്യുന്നുവോ അവർക്കാണത്. അവർ ഇപ്പോഴത്തെ പ്രതികൂല സാഹചര്യങ്ങളിൽ മന്ദമാക്കിയിരിക്കുന്നു എങ്കിലും, ക്രമേണ എല്ലാ കാതും കേൾക്കും വിധം ഇവയെ അതിരുകൾക്കപ്പുറം ഘോഷിക്കും.

### കുരുടനായ ബർത്തിമായിയുടെ വിശ്വാസം

### (ലൂക്കൊ. 18:35-43)

യേശു യെരീഹോവിലൂടെ യെരൂശലേമിലേക്കുള്ള യാത്രയിലായിരുന്നു. പെസഹാ പെരുന്നാൾ അടുത്തിരുന്നതിനാൽ ജറുസലേമിലേക്കുള്ള വഴികളിൽ പതിവായി സൗഹൃതസംഘമായോ കൂട്ടമായോ പോകുന്ന ധാരാളം യാത്രക്കാർ ഉണ്ടായിരുന്നു. നമ്മുടെ കർത്താവിനും അവന്റെ അപ്പൊസ്തലന്മാർക്കും ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരുന്നു, അവരെല്ലാവരും ഒപ്പം അനേകം പരീശന്മാരും യെരീഹോവിലേക്ക് പുറപ്പെട്ടു. ആ പാതയോരത്ത് ബർത്തിമായി എന്ന ഒരു കുരുടനായ മനുഷ്യൻ വഴിയാത്രക്കാരുടെ കരുണ കാത്തുകൊണ്ടു ഇരുന്നിരുന്നു, അവൻ ഒരു യാചകൻ ആയിരുന്നു. അന്ധർക്കായി പ്രത്യേക സൗകര്യങ്ങളൊ

ന്നും അക്കാലത്തുണ്ടായിരുന്നില്ല, മാത്രമല്ല ഇത്തരം ധാരാളം മനുഷ്യർ ആ ഭാഗങ്ങളിൽ ഉണ്ടായിരുന്നു.

നിരവധി കൂട്ടങ്ങൾ ആ വഴി കടന്നു പോയിരുന്നെങ്കിലും, പ്രത്യേകവും അസാധാരണവുമായ ഈയൊരു കൂട്ടത്തിലേക്ക് ബർത്തിമായിയുടെ ശ്രദ്ധ ആകർഷിക്കുകയും, ഈയൊരു വലിയ കൂട്ടത്തിന് ആരാണ് അല്ലെങ്കിൽ എന്താണ് കാരണമെന്ന് അവൻ അന്വേഷിക്കുകയും ചെയ്തു. നസ്രായനായ യേശു കടന്നുപോകുന്നുവെന്നും, ഈ ബഹളവും ആൾക്കൂട്ടവുമെല്ലാം അവന്റെ കൂടെയുള്ളവരുടേതാണെന്നും ആരോ അവനോട് പറഞ്ഞു.




ആ സമയം കൂട്ടത്തിൽ അനേകരും യേശുവിന് മുമ്പേ ആയിരുന്നു പോയ്ക്കൊണ്ടിരുന്നത്, അതിനാൽ കർത്താവ് അവന്റെ അടുത്ത് എത്തുന്നതിനു മുമ്പേ ആ കുരുടൻ കരുണയ്ക്കും സഹായത്തിനുമായി നിലവിളിക്കാൻ തുടങ്ങി. മുൻനിരയിലുള്ളവർ അവനെ ശാസിക്കുകയും തന്റെ നിലവിളി നിർത്താൻ പറയുകയും, മഹാഗുരുവിനെ ഒരു യാചകൻ തടസ്സപ്പെടുത്തരുതെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ആ മനുഷ്യൻ യേശുവിനെക്കുറിച്ച് മുമ്പ് കേട്ടിട്ടുണ്ടായിരുന്നു- ഒരു പക്ഷേ അവനാൽ സൌഖ്യം പ്രാപിച്ച മറ്റ് അന്ധന്മാരെക്കുറിച്ച് കേട്ടിട്ടുണ്ടാകാം. ഒരുവേള, നസ്രേത്തിലെ ഈ പ്രവാചകന് അവന്റെ ദുഖത്തിൽ നിന്നും വിടുതൽ നല്കാൻ കഴിയുമെന്നും, ഒരുപക്ഷേ, അവൻ ദൈവത്തിന്റെ പുത്രനായ യഥാർത്ഥ മശിഹാ ആണെന്നുമുള്ള ബോധ്യം അവനുണ്ടായിരുന്നു. അതിനാൽ, അവൻ ഉച്ചത്തിൽ ഇങ്ങനെ നിലവിളിച്ചു, "ദാവീദുപുത്രാ [മശിഹാ], എന്നിൽ കരുണയുണ്ടാകേണമേ!"

യേശു തന്റെ യാത്ര നിറുത്തുകയും, ആ മനുഷ്യനെ തന്റെ അടുത്ത് കൊണ്ടുവരുവാൻ കല്പിക്കുകയും ചെയ്തു. അവനോട് തന്റെ അടുക്കൽ വരുവാൻ അവൻ ആക്രോശിക്കുകയല്ല, അവനെ കൊണ്ടുവരുവാൻ ആജ്ഞാപിക്കുകയാണ് ചെയ്തത്. മർക്കൊ. 10:49-52 ഭാഗങ്ങൾ നമ്മോട് പറയുന്നത്, അവനെ കൊണ്ടുവരുവാൻ ചെന്നവർ ആ അന്ധനോട്, "ധൈര്യപ്പെടുക, എഴുന്നേൽക്ക, അവൻ നിന്നെ വിളിക്കുന്നു", എന്ന് പറഞ്ഞപ്പോൾ അവൻ തിടുക്കത്തിൽ തന്റെ മേലങ്കി അഥവാ പുതപ്പ് വലിച്ചെറിഞ്ഞു എന്നാണ്. യേശുവിന്റെ അടുത്ത് എത്തിക്കപ്പെട്ട ശേഷം, "ഞാൻ നിനക്കു എന്തു ചെയ്തു തരേണമെന്നാണു നീ ആഗ്രഹിക്കുന്നത്?" എന്ന ചോദ്യത്തിന് അവൻ പറഞ്ഞു, "കർത്താവേ, എനിക്ക് കാഴ്ച പ്രാപിക്കേണം". മറുപടിയായി കർത്താവ്, "പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്ന് പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ യേശുവിനെ അനുഗമിച്ചു".

പലസ്തീനിലുടനീളം ധാരാളം അന്ധന്മാർ ഉണ്ടായിരുന്നെങ്കിലും താരതമ്യേന കുറച്ചുപേർക്ക് മാത്രമേ അത്തരമൊരു അനുഗ്രഹം ലഭിച്ചുള്ളൂ. എന്തുകൊണ്ടാണത്? നിസ്സംശയമായും അവർക്ക് ആവശ്യമായ വിശ്വാസം ഉണ്ടായിരുന്നു. ബർത്തിമായിയുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്, അവന്റെ വിശ്വാസത്തിന്റെ തെളിവായി വിളി കേട്ടയുടനെയുള്ള യഥാർത്ഥ വിശ്വാസത്തിലുള്ള ഉറപ്പാണ്. പിന്നെയും ശ്രദ്ധിക്കേണ്ടത്, കാഴ്ച ലഭിച്ച ശേഷം ദൈവത്തെ മഹത്വപ്പെടുത്തിയും യാഥാർത്ഥ്യത്തെ വിളിച്ചോതിയും കൊണ്ട് കർത്താവിനെ അനുഗമിച്ചതിലുള്ള അവന്റെ വിശ്വസ്ത ഹൃദയത്തെയുമാണ്.

ഇതിന് വിപരീതമായി, അവന് സ്വയം ഇങ്ങനെയും പറയാം, "അതെ, ഞാൻ പുതിയ സൌഖ്യങ്ങളെക്കുറിച്ചും കാഴ്ചശക്തി വീണ്ടെടുത്തുനൽകുന്നതും വചനം സംസാരിക്കാൻ കഴിയുന്നതുമായ ഒരു പ്രവാചകനേയും കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്, എന്നാൽ എന്റെ അഭിപ്രായത്തിൽ അതെല്ലാം വഞ്ചനയാണ്. എന്തുതന്നെയായാലും അവ എനിക്കുള്ളതല്ല. ഞാൻ പണക്കാരനും സ്വാധീനമുള്ളവനുമാണെങ്കിൽ, ഞാനോ അല്ലെങ്കിൽ എന്റെ ബന്ധുക്കളോ നല്ല പ്രതിഫലം നല്കുമെന്ന് കരുതി നസ്രത്തിലെ ഈ പ്രവാചകൻ എന്നെ സുഖപ്പെടുത്താൻ സന്തോഷപൂർവ്വം വരുമെന്ന് ഞാൻ കരുതുന്നു. ഇല്ല, ഞാൻ എല്ലാ പ്രതീക്ഷകളും ഉപേക്ഷിച്ചു. ഏതായാലും മശിഹായെ യിസ്രായേൽ വളരെക്കാലമായി കാത്തിരിക്കുന്നു. അവൻ എന്റെ കാലത്തിൽ വരുന്നതിനോ, ഞാൻ ഇരിക്കുന്നിടത്തുകൂടി അവൻ കടന്നുപോകുന്നതിനോ, അവനോട് കരുണയ്ക്കായി നിലവിളിച്ചിട്ട് എനിക്ക് എന്തെങ്കിലും പ്രയോജനമുണ്ടാ

കുന്നതിനോ യാതൊരു സാധ്യതയുമില്ല." ഇങ്ങനെ അന്ധൻ വിശ്വാസമില്ലാതെ ന്യായവാദം ചെയ്തിരുന്നെങ്കിൽ, ആ യാത്ര അവനെ കടന്നുപോകുകയും അവൻ അന്ധനായി തുടരുകയും ചെയ്യുമായിരുന്നു.

### അന്ധമാക്കപ്പെട്ട ജ്ഞാന കണ്ണുകൾ

ഭൗതികമായ അന്ധത ഭയാനകമായ ഒരു ക്ലേശാവസ്ഥയാണ് എന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായമില്ല. എന്നാൽ മാനസികവും ആത്മീയവുമായ അന്ധത അതിലുമെത്രയോ ഗുരുതരമാണ്. കർത്താവായ യേശുവിൽ യഥാർത്ഥ വിശ്വാസികളായ ചുരുക്കം ചിലരൊഴികെ ലോകം മുഴുവനും അന്ധരാണെന്ന് തിരുവെഴുത്തുകൾ നമ്മോട് പറയുന്നു. "ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി" (2 കൊരി. 4:4). ദൈവീക സ്വഭാവത്തിന്റെ മഹത്വത്തെയും മനുഷ്യ രക്ഷയ്ക്കായി ആസൂത്രണം ചെയ്തിട്ടുള്ളവയെയും കാണാൻ കഴിയാത്ത വിധം ഈ അന്ധരായവരെ തെറ്റായ സിദ്ധാന്തങ്ങൾ ഛേദിച്ച് മാറ്റിയിരിക്കുന്നു. ഈ മാനസികവും ആത്മീയവുമായ അന്ധതയ്ക്ക് വിവിധ തലങ്ങളാണുള്ളത്; ചിലർക്ക് ഒന്നും കാണാൻ കഴിയില്ല, മറ്റുചിലർക്ക് അല്പമായും, അവ്യക്തമായും അല്ലെങ്കിൽ മങ്ങിയതായും കാണാൻ കഴിയും. ചിലർക്ക് സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കിക്കാണാൻ കഴിയുന്നു, പക്ഷേ അവയെ പ്രകൃതി- ബുദ്ധിപരമായ ദിശാബോധമില്ലാത്ത ദ്രവ്യത്തിന്റെ കൂട്ടം എന്നു വിളിക്കുന്നതിനപ്പുറം മറ്റൊന്നും അവർ കാണുന്നില്ല. സങ്കീ. 19:2, 3 -ൽ പ്രവാചകൻ ഇങ്ങനെ പ്രസ്താവിക്കുന്നു: "പകൽ പകലിനു വാക്കു പൊഴിക്കുന്നു, രാത്രി രാത്രിക്ക് അറിവു കൊടുക്കുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനുമില്ല." എന്നാൽ കഷ്ടമെന്ന് പറയട്ടെ, ഈ കാര്യങ്ങൾ കേൾക്കാതെയും കാണാതെയും ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെയും ദൈവീക മേൽനോട്ടം തിരിച്ചറിയാത്തതുമായ എത്രയോ പേരാണുള്ളത്.

കൃപയും നീതിയും ജ്ഞാനവും ശക്തിയും ഉള്ള സ്നേഹവാനായ ഒരു ദൈവത്തിൽ വിശ്വാസമില്ലാത്തതിനാൽ, ഈ അന്ധരും ബധിരരുമായവർ അവന്റെ വചനത്തിലൂടെ നമുക്ക് നൽകിയിരിക്കുന്ന അവന്റെ സ്നേഹത്തിന്റേയും കൃപയുടെയും സന്ദേശങ്ങൾ സ്വീകരിക്കാൻ ഒരുക്കപ്പെട്ടിരിക്കുന്നില്ല. അവരിൽ ചിലർ ഒരു വ്യക്തിത്വമുള്ള സ്രഷ്ടാവിനെക്കുറിച്ച് ചിന്തിക്കുന്നത് തന്നെ വിഡ്ഢിത്തമായി കരുതുന്നു. മറ്റു ചിലർ, ഈ ലോകങ്ങളെയെല്ലാം സൃഷ്ടിക്കാൻ കഴിയുന്നത്ര മഹാവലിയ ഒരുവൻ നമ്മുടെ വർഗത്തിലെ ഓരോ അംഗത്തിന്റെയും കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുമെന്ന് കരുതുന്നത് വിഡ്ഢിത്തമായി കാണുന്നു. അവർ അന്ധരും ദൂരത്തുള്ളവയെ കാണുവാൻ കഴിയാത്തവരുമാണ്, അവർക്ക് കേവലം തത്കാല ജീവിത സംബന്ധിയായ, തിന്നുക, കുടിക്കുക, നടുക, പണിയുക എന്നിവയും ചിരിക്കുക, കരയുക എന്നതും ജീവിക്കുക, മരിക്കുക എന്നതും മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഇവയല്ലാതെ മറ്റെന്തെങ്കിലും ഉണ്ടെന്നോ, അതെന്താണെന്നോ അവർക്കറിയില്ല. വിവേകത്തിന്റെ കണ്ണുകൾ അൽപ്പം തുറന്നിട്ടുള്ള മറ്റുചിലർക്ക്, വ്യക്തിത്വമുള്ള ഒരു ദൈവമുണ്ടെന്നും അവൻ വ്യക്തിപരമായ താൽപ്പര്യങ്ങൾ പ്രവൃത്തിക്കുന്നുവെന്നും തിരിച്ചറിയാൻ കഴിയുന്നു. എന്നാൽ ഇവർ വഴിമാറി, ദൈവിക സ്വഭാവത്തെയും പദ്ധതിയെയും കുറിച്ച് തെറ്റായ ധാരണകൾ നൽകുന്ന, ദൈവിക വചനത്തെക്കുറിച്ചുള്ള എതിരാളിയുടെ തെറ്റായ ദുർവ്യാഖ്യാനങ്ങളാൽ അന്ധരാക്കപ്പെടുന്നു. എന്നാൽ പ്രവാചകനിലൂടെ കർത്താവ് വാഗ്ദാനം ചെയ്ത സമയത്തിനായി, ഏറ്റവും ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാവരും അവനെ അറിയുകയും എല്ലാ അന്ധകണ്ണുകളും തുറക്കപ്പെടുകയും എല്ലാ ബധിര ചെവികളും തുറക്കുകയും ചെയ്യുന്ന സമയത്തിനായി നാം എത്രമാത്രം കൊതിക്കുന്നു.

### ബർത്തിമായിയുടെ അനുഭവങ്ങൾ വസ്തുതാദർശകം

ഈ പാഠത്തിൽ നമുക്ക് മുന്നിലുള്ള ഈ സംഭവം, ഇക്കാലത്ത് അന്ധവർഗത്തിൽപ്പെട്ട ചിലർ എങ്ങനെയാണ് കർത്താവിന്റെ അടുക്കൽ എത്തിക്കപ്പെടുകയും അവരുടെ ജ്ഞാന കണ്ണുകളെ തുറക്കുന്നതിനുള്ള കൃപ സ്വീകരിക്കുകയും ചെയ്യുന്നതെന്ന് വ്യക്തമാക്കുന്നതിന് നന്നായി സഹായിക്കുന്നു. കർത്താവിന്റെ സംരക്ഷണത്തിൽ, നസ്രത്തിലെ യേശു കടന്നുപോകുന്നതായി അവർ കേൾക്കുന്നു; കർത്താവിന്റെ പരിപാലനത്തിൽ, മഹാഗുരുവിനെയും നിത്യജീവനെയും അവന്റെ സ്വാധീനതയിലുള്ള അന്ധ നേത്രങ്ങളുടെ മാറ്റത്തെയും കുറിച്ച് ചിലത് അവർ കേൾക്കും. അവർ ആ അവസരത്തെ ഉപയോഗപ്പെടുത്തി, വിശ്വാസത്താൽ കർത്താവിനെ മുറുകെ പിടിക്കുകയും, "ദാവീദ് പുത്രാ, എന്നോട് കരുണയുണ്ടാകേണമേ" എന്ന് അവർ അവനോട് നിലവിളിക്കുകയും ചെയ്യും. ഈ ചിന്ത,

അവർ വളരെ നിസ്സാരന്മാരാണെന്നും, അവന് തിരിച്ചറിയാൻ കഴിയാത്തത്ര പാപികളാണെന്നതും അവരോട് പ്രസ്താവിക്കുന്നു. എന്നാൽ വിശ്വാസം മുറുകെ പിടിച്ചിരിക്കും. മറ്റുള്ളവരോടുള്ള അവന്റെ കാരുണ്യം അവർ കേട്ടിരിക്കയാൽ അവർ അവനോട് കൂടുതൽ നിലവിളിക്കുകയും ഒടുക്കം, അവൻ അവരോട് അടുത്ത് വരാൻ ആവശ്യപ്പെടുകയും ചെയ്യും; "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയുകയില്ല" (യോഹ. 6:37).

ഇപ്പോൾ വിശ്വാസത്താൽ കർത്താവിങ്കലേക്കു വരുന്ന എല്ലാവർക്കും ബർത്തിമായിയുടേതിന് സമാനമായ എതിർപ്പിന്റെ ചില അനുഭവങ്ങൾ നേരിടേണ്ടിവരുന്നു. പൊതുവേ, അവർ തങ്ങളുടെ ആവശ്യം തിരിച്ചറിഞ്ഞ് കർത്താവിനോട് നിലവിളിക്കുന്നത് വരെ അവർക്ക് പ്രോത്സാഹനമില്ല. ഇവർ ഇപ്പോഴേ അവരെ സഹായിക്കുന്നതിൽ ആഹ്ളാദിക്കുന്നവരിൽ നിന്നും, അതായത് ആശ്വസിപ്പിൻ, ഉണരുവിൻ, അവൻ നിങ്ങളെ വിളിക്കുന്നു എന്ന് പറയുന്നവരിൽ നിന്നും സഹായം തേടണം. അവർക്ക് കർത്താവിൽ നിന്ന് പ്രകാശനം ലഭിക്കുകയും, അതിലൂടെ അവർക്ക് വഴിയും സത്യവും ജീവനും ആയിരിക്കുന്ന അവനെ കാണാനും അവനിലൂടെ പിതാവിനെ അറിയാനും കഴിയുന്ന ഒരു പ്രകാശനമായിരിക്കുമത്, അവനെ അറിയുന്നതു തന്നെയാണ് നിത്യജീവനും (യോഹ. 17:3 ).

എന്നാൽ കഷ്ടം, ഇന്ന് പലരും ഈ ചോദ്യം ചോദിക്കുമ്പോൾ, നിങ്ങൾ എന്തു ചെയ്യും? പുരുഷന്മാരുടെ സമ്പത്തോ ബഹുമതികളോ ഏതെങ്കിലും തരത്തിലുള്ള താൽക്കാലിക അനുഗ്രഹങ്ങളോ അവരുടെ ആത്മീയ ആവശ്യങ്ങളുടെ അനിവാര്യതയെ വിലമതിക്കുന്നില്ല. ദൈവിക സ്വഭാവവും പദ്ധതിയും കാണാനുള്ള കണ്ണുകൾ തുറന്നതിനാൽ ഗണ്യമായ അനുഗ്രഹം ആസ്വദിച്ചവരായ നാം പോലും, അപ്പൊസ്തലൻ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചതെങ്ങനെയെന്ന് ഓർക്കേണ്ടതുണ്ട്, "നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിച്ചിട്ട്, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്ക് വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലുപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർഥിക്കുന്നു" (എഫെ. 1:18,19).




### ജനം അത് കണ്ടപ്പോൾ

അന്ധൻ കാഴ്ച പ്രാപിക്കുകയും യേശുവിന്റെ അനുയായി ആയിത്തീരുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തുവെന്ന് ജനക്കൂട്ടം കണ്ടപ്പോൾ അത് കണ്ടവരെല്ലാം അവനോടോപ്പം ദൈവത്തെ സ്തുതിച്ചു. അതിനാൽ, അത് ഇന്ന് നമ്മോടൊപ്പമുണ്ട്. ഒന്നിനു പുറകെ ഒന്നായി ദൈവിക സ്വഭാവത്തെക്കുറിച്ചും പദ്ധതിയെക്കുറിച്ചും അറിവ് നേടുമ്പോൾ, കർത്താവിനോട് അനുരൂപരായ ഓരോരുത്തരും കർത്താവിന് വേണ്ടി പ്രവൃത്തിക്കുക മാത്രമല്ല, അവർക്ക് ലഭിച്ച അനുഗ്രഹത്തിൽ സന്തോഷിച്ചുകൊണ്ട് കർത്താവിനെ സ്തുതിക്കുകയും ചെയ്യുന്നു. എന്നാൽ, അന്ധതയിൽ നിന്ന് ആത്മീയ കാഴ്ചയിലേക്കും അറിവിലേക്കുമുള്ള മാറ്റത്തിന്റെ ഈ അത്ഭുതം കാണാത്തതും അഭിനന്ദിക്കാത്തതുമായ ലോകത്തിലെ വലിയ ഒരു ജനസമൂഹത്തിന് ഇപ്പോൾ ദൈവത്തെ സ്തുതിക്കാനോ നന്ദി പറയാനോ കഴിയുകയില്ല. എന്നിരുന്നാലും, ദൈവമഹത്വത്തെക്കുറിച്ചുള്ള അറിവ് ഭൂമി മുഴുവൻ നിറയുന്നതും, എല്ലാ മുഴങ്കാലും മടങ്ങുകയും എല്ലാ നാവും ഏറ്റുപറയുകയും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ സൃഷ്ടികളും "സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിന്നും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ" എന്ന് പറയുന്നത് കേൾക്കുന്ന സമയം വരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട് (വെളി. 5:13).

നമ്മുടെ ഈ പാഠം, വിശ്വാസത്തോടെ തന്റെ അടുക്കൽ വരുന്ന എല്ലാവരേയും എങ്ങനെയാണ് മനുഷ്യപുത്രനു രക്ഷിക്കാൻ കഴിയുക എന്നതിന്റെ രണ്ടാമതൊരു ദൃഷ്ടാന്തം കൂടി നല്കുന്നു. കർത്താവും കൂട്ടരും യെരീഹോവിലൂടെ യെരൂശലേമിലേക്ക് കടന്നു പോയിരുന്നു. നസ്രത്തിൽ നിന്നുള്ള ആ മഹാപ്രവാചകൻ യരൂശലേമിലേക്കുള്ള യാത്രയിലാണെന്ന അറിവിൽ ആ നഗരം മുഴുവൻ വാസ്തവത്തിൽ ഇളകിയിരുന്നു.

സക്കായി അക്കൂട്ടത്തിൽ പ്രമുഖനും ധനികനുമായ ഒരു ചുങ്കക്കാരൻ ആയിരുന്നു. നമ്മുടെ കർത്താവിന്റെ കാലത്ത് "ചുങ്കക്കാരൻ" എന്നാൽ റോമൻ ഗവൺമെന്റിന് വേണ്ടി നികുതി പിരിക്കുന്നവരെ ആണ് സൂചിപ്പിക്കുന്നത്. എന്നാൽ റോമാക്കാർ തങ്ങളുടെ മേൽ നികുതി ചുമത്തുന്നതിനെ യിസ്രായേല്യർ എതിർക്കുകയും, തങ്ങൾ ദൈവജനമാണെന്നും റോമൻ ജനതയും എല്ലാ രാജ്യങ്ങളും തങ്ങൾക്ക് നികുതി നൽകേണമെന്ന് യിസ്രായേല്യർ അവകാശവാദമുന്നയിക്കുകയും ചെയ്തു. ഈ വിഷയത്തിൽ അവരുടെ മുൻവിധി വളരെ ശക്തമായിരുന്നു, അതിനാൽ ഏറെ പ്രമുഖരായ യഹൂദന്മാർ ഈ അധികാരത്തെ അഗീകരിച്ചിരുന്നില്ല.

തൽഫലമായി, ഒരു ചുങ്കക്കാരൻ ആകുക എന്നത് മതവിരുദ്ധവും ദേശവിരുദ്ധവും അപരിഷ്കൃതവുമായ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നതായി മാറി. പരീശന്മാർ അവരെ പാപികളായും, യഹൂദന്മാരായോ ന്യായപ്രമാണ ഉടമ്പടിയുടെ അവകാശികളോ അല്ലാത്തതുപോലെയും കണക്കാക്കി. ചുങ്കക്കാർ സ്വയം തങ്ങളെ പാപജാതിയിൽ ഉൾപ്പെട്ടവരായി കണക്കാക്കി. ചിലപ്പോൾ അവർ ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോകുമ്പോൾ കടുത്ത മതവിശ്വാസികൾ തങ്ങൾ ചുങ്കക്കാരല്ലാത്തതിനും, മാനവികതയും, മത, ദേശ സ്നേഹവും നഷ്ടപ്പെടാത്തതിനും ദൈവത്തിന് നന്ദി പറയുന്നത് കേട്ടിരുന്നു.

സക്കായി പ്രധാന ചുങ്കക്കാരിൽ ഒരാളും അവരിൽ പ്രമുഖനും ധനികനുമായിരുന്നു. എന്നിട്ടും അവന്റെ മനസ്സ് പ്രകടമായും അസ്വസ്ഥമായിരുന്നു. തന്റെ തൊഴിൽ ലാഭകരമായ ഒന്നാണെന്ന് മനസ്സിലാക്കിയിരുന്നെങ്കിലും അവൻ സംതൃപ്തനായിരുന്നില്ല. തന്റെ സമ്പത്തെല്ലാം ചതിവിലൂടെ നേടിയതാണെന്ന് അദ്ദേഹം സമ്മതിക്കുമായിരുന്നില്ല. എങ്കിലും അവയിൽ കുറച്ച് സത്യസന്ധമായും മാന്യമായും നേടിയതല്ലെന്ന് അവൻ മനസ്സിലാക്കിയിരുന്നു. ഭൂരിഭാഗം സമ്പന്നരുടെയും കാര്യത്തിൽ ഇത് സത്യമായിരിക്കും. ദൈവരാജ്യത്തെക്കുറിച്ചും നസ്രത്തിലെ പ്രവാചകനെക്കുറിച്ചും അദ്ദേഹത്തിന്റെ അത്ഭുത പ്രവൃത്തികളെക്കുറിച്ചും കേട്ടപ്പോൾ, അവന്റെ ഹൃദയം ദൈവവുമായുള്ള ബന്ധത്തിനായി കൊതിക്കുകയും ഈ പ്രവാചകനെ കുറഞ്ഞപക്ഷം ഒന്നു കാണണമെന്നും അവൻ ആഗ്രഹിച്ചു. അവന്റെ ഉയരം കുറഞ്ഞ ശരീരപ്രകൃതിയും ആൾക്കൂട്ടവും മൂലം അവന് അതിനുള്ള അവസരങ്ങൾ കുറവായിരുന്നു. അതിനാൽ അവൻ ആ ഘോഷയാത്രയ്ക്ക് മുമ്പേ ഓടി ഒരു കാട്ടത്തിമരത്തിൽ കയറി, വഴിയുടെ മുകളിലുള്ള അതിന്റെ ശിഖരങ്ങളിലൊന്നിൽ ഇരിക്കുകയും യേശു കടന്നുവരുമ്പോൾ അവന് വ്യക്തമായി കാണുവാനും കഴിഞ്ഞു (ലൂക്കൊ. 19:1-4).

സക്കായിയുടെ കാര്യത്തിലെന്നപോലെ, ഇന്നും ചിലർ നീതിക്കും ദൈവവുമായുള്ള ഐക്യത്തിനും കർത്താവായ യേശുവുമായുള്ള കൂട്ടായ്മയ്ക്കും ആ രാജ്യത്തിലെ നിത്യജീവന്റെ പ്രത്യാശയ്ക്കും വേണ്ടിയുള്ള വാഞ്ഛകളോടെയാണ് വരുന്നത്. അവർ എത്രമാത്രം ഈ ചിന്തയെ പരിപോഷിപ്പിക്കുന്ന വഴികളിൽ ആശ്രയിക്കുന്നു! ഇവയെ ഒഴിവാക്കിയാൽ ഇവർ പറയുന്നത് ഇങ്ങനെയാകും: പിതാവായ ദൈവവുമായുള്ള അനുരഞ്ജനത്തെക്കുറിച്ചും അവനോട് യോജിക്കുന്ന ജീവിതത്തെക്കുറിച്ചും ഞാൻ ചിന്തിക്കുന്നതിലും, ജീവിതത്തിൽ മറ്റൊരു അദ്ധ്യായം തുറക്കുന്നതിലും എനിക്ക് ഒരു പ്രയോജനവും ഉണ്ടാവില്ല. എന്റെ തൊഴിൽ മേഖല അനാദരമായ അടിസ്ഥാനത്തിന്മേലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ ഇപ്പോൾത്തന്നെ എനിക്ക് ഒരിക്കലും കുടഞ്ഞു കളയുവാൻ കഴിയാത്തവിധം വഞ്ചനകളിൽ കുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്നു. ഈ മഹാഗുരുവായ യേശു പ്രഖ്യാപിക്കുന്ന പുതിയ ജീവിതം, അത് സ്വീകരിക്കാൻ കഴിയുന്നവർക്ക് മഹത്തരമാണെന്നതിൽ സംശയമില്ല, പക്ഷേ ഞാൻ അവരിൽ ഒരാളല്ല. ഇത്തരത്തിലുള്ള ആശയങ്ങളും മനോഭാവവും സക്കായി പിന്തുടർന്നിരുന്നുവെങ്കിൽ, കർത്താവിനെ കൂടുതൽ അറിയണമെന്ന് ആഗ്രഹിക്കുന്നതിന് പകരം അവൻ മറ്റൊരു ദിശയിലേക്ക് പോകുമായിരുന്നു.

കർത്താവിനെക്കുറിച്ചോ അവന്റെ വചനത്തെക്കുറിച്ചോ അവന്റെ പദ്ധതിയെക്കുറിച്ചോ വ്യക്തമായ വീക്ഷണമുണ്ടാകാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയെയും കണ്ടെത്തുമ്പോൾ അത് ഒരു പ്രത്യാശയുടെ അടയാളമാണ്. അങ്ങനെയുള്ള എല്ലാവരോടും മുന്നോട്ട് പോകാനും ഒരു കാട്ടത്തിമരത്തിൽ കയറാനും കാര്യങ്ങൾ നന്നായി മനസ്സിലാക്കാനും ഞങ്ങൾ പ്രോത്സാഹിപ്പിക്കും; ഒരുവേള സക്കായിയോടെന്നപോലെ, അവരോടും കർത്താവ് എന്തെങ്കിലും ആശ്വാസകരവും പ്രോത്സാഹജനകവുമായി സംസാരിച്ചേക്കാം. മറ്റുള്ളവരെ അപേക്ഷിച്ചുള്ള തന്റെ ഉയരക്കുറവ് അവനെ കർത്താവിന്റെ ശ്രദ്ധയിൽപെടുത്തിയതായി സക്കായി കണ്ടെത്തിയതുപോലെ, സത്യസന്ധതയും ലക്ഷ്യബോധവുമുള്ളവരാണെങ്കിൽ, അവരുടെ സ്വാഭാവികമായ ചില ദോഷങ്ങൾ കർത്താവിന്റെ വഴിനടത്തിപ്പിൻ കീഴിൽ അവർക്ക് ഒരു അനുഗ്രഹമായി പ്രവൃത്തിക്കു

മെന്ന് അത്തരക്കാർ ഓർക്കട്ടെ. എന്നാൽ അവന്റെ താൽപ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും ബഹിർ സ്ഫുരണത്തെപ്പോലെതന്നെ അവന്റെ തീക്ഷ്ണതയും ആവശ്യമായിരുന്നു.




## രക്ഷ തന്റെ ഭവനത്തിൽ വരുന്നു

സക്കായി ഒരു കാട്ടത്തി മരത്തിന്റെ ശിഖരത്തിൽ കിടന്നുകൊണ്ട് താഴെ കർത്താവിനെ നോക്കിക്കാണുന്നതിനെ നാം സങ്കല്പിക്കുകയാണെങ്കിൽ, അവൻ കർത്താവിന്റെ മുഖപ്രസാദത്തെ പഠിക്കുന്നതും, ഇതുതന്നെയോ ക്രിസ്തു എന്ന് ആശ്ചര്യപ്പെടുന്നതും, അവന്റെ മുഖപ്രസന്നതയിൽ തെളിഞ്ഞു നിൽക്കുന്നതും പ്രസിദ്ധമാകുന്നതുമായ ശുദ്ധി, കുലീനത, സൗമ്യത, ക്ഷമ, സ്നേഹം എന്നിവയിൽ നിന്ന് വ്യത്യസ്തമായി സ്വന്തം അപൂർണ്ണതയും, അശുദ്ധിയും തിരിച്ചറിഞ്ഞ് അവന് സ്വന്തം ഹൃദയത്തിൽ നിരാശ തോന്നുന്നതും നമുക്ക് കാണാം. അപ്പോൾ ഗുരു നിന്ന് അവന്റെ നേരെ കണ്ണുകളിൽ നോക്കി "സക്കായിയേ, വേഗം ഇറങ്ങിവാ; ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" (ലൂക്കൊ. 19:5) എന്ന് പറഞ്ഞപ്പോൾ അവൻ എത്രമാത്രം വിസ്മയിച്ചിരിക്കും. തെറ്റ് സംഭവിക്കാതെ മനുഷ്യന്റെ മനസ്സ് വായിക്കുന്നതിനും അവന്റെ ഹൃദയത്തിൽ എന്താണെന്നും അറിയുന്നതിനുള്ള കർത്താവിന്റെ കഴിവിന്റെ തെളിവുകൾ ഇവിടെയുണ്ട്. തീർച്ചയായും അവനെ സ്വീകരിക്കുന്നതിൽ സക്കായി സന്തോഷിച്ച് ഇറങ്ങിവന്ന് അവനെ തന്റെ വീട്ടിലേക്ക് കൊണ്ടുപോകാൻ തിടുക്കപ്പെട്ടു. സക്കായിയേക്കാൾ മഹത്വവും ശ്രേഷ്ഠ സ്വഭാവവുമുള്ള വേറെ ആളുകളും ആ പുരുഷാരത്തിലും പരിസരത്തുമുണ്ടായിരുന്നു എന്നതിൽ സംശയമില്ല, എന്നാൽ നീതിക്കുവേണ്ടി വിശപ്പും ദാഹവും വാഞ്ഛയുമുള്ള ഒരു ഹൃദയം അവനാണ് ഉണ്ടായിരുന്നത്.

ഗുരു തന്റെ വീട്ടിലേക്ക് വന്നത് എത്ര മഹത്തായ അവസരമായിരുന്നു! വിലയേറിയ ചില വാക്കുകൾ, നിർദ്ദേശങ്ങൾ, മാർഗ്ഗദർശനം, പ്രോത്സാഹനം എന്നിവ കേൾക്കുന്നതിനുള്ള എന്തൊരു ബഹുമതി, എന്തൊരു അവസരം! ആ തീൻമേശയിലെ എല്ലാ സംഭാഷണങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടില്ല എങ്കിൽത്തന്നെയും, ആ പറയപ്പെട്ടവ അവയിലെ പാഠങ്ങൾ ഉൾക്കൊള്ളുന്നതിന് പര്യാപ്തമാണ്. കർത്താവ് അവനോട് പറഞ്ഞതെന്തായാലും, ഇനി മുതൽ പാപവും ദുഷിച്ച ആചാരങ്ങളും പ്രവൃത്തികളും ഉപേക്ഷിക്കുക മാത്രമല്ല, കഴിയുന്നിടത്തോളം തെറ്റുകൾക്കും അനീതികൾക്കും പകരം നല്കുമെന്നും പറഞ്ഞ് സക്കായി അവിടെ തന്റെ ഹൃദയം പൂർണ്ണമായി സമർപ്പിച്ചു. കർത്താവിന്റെ ദൃഷ്ടിയിൽ ഇതിന് വളരെ വലിയ പ്രാധാന്യമുണ്ട്. ചില സത്യസന്ധമല്ലാത്ത നടപടികളിലൂടെ നമ്മുടെ അയൽക്കാരിൽ നിന്ന് നേടിയ പണമോ സ്വത്തോ കൈവശം വച്ചിരിക്കുമ്പോൾ, നാം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതിനായി ദൈവകൃപ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നത് വെറുതെയാണ്. "ഞാൻ ആരിൽനിന്നെങ്കിലും തെറ്റായി എന്തെങ്കിലും ഈടാക്കിയിട്ടുണ്ടെങ്കിൽ, ഞാൻ നാലിരട്ടിയായി തിരിച്ചു കൊടുക്കും" (ലൂക്കൊ. 19:8 ASV) എന്ന് പ്രഖ്യാപിച്ചപ്പോൾ സക്കായി ഒരു നല്ല പരിവർത്തനത്തിന്റെ തെളിവ് നൽകി, അത് ഞാൻ നാലിരട്ടി മടക്കി നല്കി എന്നല്ല, മറിച്ച് ഞാൻ നാലിരട്ടി മടക്കി നല്കും എന്നാണ്. ഇവിടെ നൽകിയിരിക്കുന്ന സൂചനപ്രകാരം ഒരു ചുങ്കക്കാരൻ എന്ന നിലയിൽ സക്കായി സാധാരണയിലേറെ നേരുള്ളവനായിരുന്നു, അല്ലാത്തപക്ഷം നാലിരട്ടിയായി മടക്കി നല്കിയാൽ ഒരു വലിയ സമ്പത്ത് നശിപ്പിക്കപ്പെടുമായിരുന്നു. നേരെമറിച്ച്, സക്കായി തന്റെ സ്വത്തിൽ പകുതി ദരിദ്രർക്കായി നലകുകയും, ബാക്കിയുള്ളതിൽ നിന്ന്, മറ്റുള്ളവരിൽ നിന്ന് അന്യായമായി വാങ്ങിയതിന് നാലിരട്ടിയായി നല്കിയാലും, തന്റെ ഉപജീവനത്തിനുള്ളത് ബാക്കിയുണ്ടാവുമെന്നുള്ള വിശ്വാസം അവനുണ്ടായിരുന്നു.

ഇന്ന് പലരും സക്കായിയുടെ വഴി പൂർണ്ണമായി പിന്തുടരാത്തതിനാൽ വലിയ തെറ്റ് ചെയ്യുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വാസ്തവത്തിൽ, ന്യായമായും, മറ്റൊരാളുടേതായ ഒന്നിൽ അവർ മുറുകെ പിടിക്കുന്നത് തുടരുന്നു; രണ്ടാമതായി, അവർ തങ്ങളുടെ പണമോ സ്വത്തോ സമയമോ താലന്തുകളോ ആയ സമ്പത്ത് കർത്താവിന് സമർപ്പിക്കുന്നില്ല. സക്കായി ഒരു യഹൂദനായിരുന്നു, ന്യായപ്രമാണ നിയമം ആവശ്യപ്പെടുന്ന പ്രകാരം അവന്റെ വാർഷിക സാമ്പത്തിക നേട്ടത്തിന്റെ പത്തിലൊന്ന് മതപരമായ കാര്യങ്ങൾക്ക് നല്കേണ്ട ബാധ്യതയുണ്ടായിരിക്കും. എന്നാൽ അവൻ അതിലും

വളരെ ഏറെ തന്റെ വാർഷിക വരുമാനത്തിന്റെ പകുതി മാത്രമല്ല, തന്റെ കൈവശമുള്ള എല്ലാ പണവും വസ്തുവകകളും സമ്പാദ്യവുമായി തന്റെ മുഴുവൻ സമ്പത്തിന്റെയും പകുതി നൽകി. യഹൂദനായ സക്കായിയും വിജാതീയരായ നമ്മളും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു, ആ വ്യത്യാസമെന്നത് പെന്തെക്കൊസ്തിന്റെ ഇപ്പുറത്ത് ജീവിക്കുന്നവരും കർത്താവിന് സകലവും സമർപ്പിച്ചിരിക്കുന്നവരുമായ നമ്മൾ എല്ലാവരും അവനാൽ പ്രകാശിതരും ആ സകലത്തിന്നും ഗൃഹവിചാരകന്മാരായി ചുമതലപ്പെട്ടിരിക്കുന്നവരുമാണ് എന്നതാണ്.

നമ്മുടെ കർത്താവിന്റെ കൃപയിലും ജ്ഞാനത്തിലും സ്നേഹത്തിലും സ്വഭാവ സാദൃശ്യത്തിലും വളരാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ ചോദ്യത്തെ ഉടനടി പരിഹരിക്കേണ്ടതാണ്- ഞാൻ പാപവും പാപത്തിന്റെ വഴികളും അവിശ്വസ്തതയും ഉപേക്ഷിച്ചോ? സഹജീവികൾക്ക് സംഭവിക്കുന്ന എല്ലാ നഷ്ടങ്ങൾക്കും ഞാൻ മതിയായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ? ഞാൻ എന്താണു കർത്താവിനും അവന്റെ കാര്യത്തിനും വേണ്ടി ബലിയർപ്പിച്ചത്, എന്റെ വസ്തുവകകളുടെ പകുതിയോ അതോ എന്റെ എല്ലാ വസ്തുക്കളുമോ? ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാൻ എല്ലാം ബലിയർപ്പിച്ചിട്ടുണ്ടെങ്കിൽ, ആ നിശ്ചയം, ആ ഉടമ്പടി, ആ ബലി ഞാൻ എങ്ങനെ പാലിക്കും? സമയവും കഴിവും സ്വാധീനവും പണവും അവനുള്ളതാണെന്നും എന്റെ ന്യായമായ സേവനമാണെന്നും ഞാൻ ഓർക്കുന്നുണ്ടോ? ഞാൻ അത് അർപ്പിക്കുകയും ദിനം തോറും അർപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടോ, ഇല്ലയോ? ഗുരു തന്റെ ജനത്തോടൊപ്പം കണക്കെടുക്കുമ്പോൾ ഇത് എന്നോടൊപ്പം എങ്ങനെ നിലനില്ക്കും? എന്റെ കണക്ക് നൽകുന്നതിൽ എനിക്ക് സന്തോഷമുണ്ടാകുമോ, അതോ ഒരു കാര്യസ്ഥൻ എന്ന നിലയിൽ ഞാൻ അവിശ്വസ്തനായിരുന്നെന്നും, എന്റെ കഴിവുകൾ ഭൗമിക ലക്ഷ്യങ്ങളിലും വസ്തുക്കളിലും അഭിലാഷങ്ങളിലും സേവനങ്ങളിലും കുഴിച്ചുമൂടപ്പെട്ടുവെന്ന് സങ്കടത്തോടെ സമ്മതിക്കാൻ ഞാൻ ബാധ്യസ്ഥനാകുമോ? അതോ, എന്റെ അധ്വാനത്തിന്റേയും ബലിയുടേയും ഫലം കർത്താവിനു സമർപ്പിക്കാനും, “നന്നായി, നല്ലവനും വിശ്വസ്തനുമായ ദാസനേ, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്ക” എന്ന് അവൻ പറയുന്നത് കേൾക്കുവാൻ എനിക്ക് കഴിയുമോ?

### “അവർ എനിക്കുള്ളവരായിരിക്കും”

പ്രവാചകനിലൂടെ കർത്താവ് പറഞ്ഞ വാക്കുകൾ നമുക്ക് ഓർക്കാം: “യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ” (സങ്കീ. 50:5), “ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപം ആയിരിക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (മലാ. 3:17).

അന്ധനായ യാചകനോടൊപ്പം ആഹ്ളാദിച്ച ജനക്കൂട്ടത്തിൽ ചിലർ, അറിയപ്പെടുന്ന ഒരു ചുങ്കക്കാരനുമായി യേശുവിന് ബന്ധമുണ്ടെന്ന് കണ്ടപ്പോൾ വളരെ നിരാശരായി. അവിടുണ്ടായ പ്രതിബന്ധം, അവർക്കുണ്ടായിരുന്ന തെറ്റിദ്ധാരണകൾ മൂലം കർത്താവ് ഹൃദയത്തെ നോക്കുന്നുവെന്നും, കർത്താവിന്റെ ദൃഷ്ടിയിൽ ഈ എളിയവനും നന്ദിയുള്ളവനുമായ ഈ ചുങ്കക്കാരൻ തങ്ങളേക്കാൾ രാജ്യത്തോട് അടുത്തിരിക്കുന്നു എന്നും അവർക്ക് കാണാൻ കഴിയാതെ വന്നതാണ്. യേശു അവരോട് പറഞ്ഞ വാക്കുകൾ, “ഇന്ന് ഈ വീടിനു രക്ഷ വന്നു” (ലൂക്കൊ. 19:9). സക്കായിയും അബ്രഹാമിന്റെ ഒരു മകനാണ്. “കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്” (ലൂക്കൊ. 19:10). രക്ഷ അവന്റെ വീട്ടിലേക്ക് വന്നു– അത് പൂർണ്ണമായ അർത്ഥത്തിലല്ല, കാരണം, അപ്പൊസ്തലൻ പറയുന്നതുപോലെ, നമ്മുടെ കർത്താവും രക്ഷകനുമായവന്റെ രണ്ടാം വരവിന്റെ വെളിപ്പാടിൽ അത് നമ്മിലേക്ക് കൊണ്ടുവരപ്പെടേണ്ടതാണ്. എന്നാൽ രക്ഷ അവനിലേക്ക് വന്നു എന്നതിന്, അവന്റെ ഹൃദയം പാപത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും തിരിഞ്ഞ് ദൈവത്തിലേക്കും നീതിയിലേക്കും വന്നു എന്ന അർത്ഥമാണുള്ളത്. സക്കായി അന്ന് കർത്താവിന്റെ പ്രീതിയിലും അനുഗ്രഹത്തിലും നിർദ്ദേശത്തിലും, അതിന് യോജ്യമായ തന്റെ സ്വന്തം സഹകരണത്തിലും, പുതിയ ഒരു ഏട് തുറക്കുകയും യേശുവിന്റെ പഠിപ്പിക്കലുകളുടെ അനുയായിയാകുകയും കണക്കിടപ്പെട്ട അർത്ഥത്തിൽ- അതായത് അവൻ ഇനി പാപത്തിന്റെ വഴികളെ സ്നേഹിക്കാതെ, ഇപ്പോൾ നീതിയുടെ വഴികളെ സ്നേഹിക്കുന്നു- രക്ഷിക്കപ്പെടുകയും ചെയ്തു. അതായത്, അവൻ ഇപ്പോൾ ജഡീയ കാര്യങ്ങളെ പിന്തുടരാതെ ഇപ്പോൾ ആത്മീയ കാര്യങ്ങൾ, ദൈവീക കാര്യങ്ങൾ, നീതിയുടെ കാര്യങ്ങൾ, സത്യത്തിന്റെ കാര്യങ്ങൾ, ഗുരുവിന് ഏറ്റവും പ്രസാദകരമായ കാര്യങ്ങൾ, അതായത് അവന്റെ കാൽച്ചുവടുകളിൽ നടക്കുന്നു.

# ബൈബിൾ സംഭാഷണങ്ങൾ

### കഥകൾ ലളിത ഭാഷയിൽ

### ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നും

## യാക്കോബും റാഹേലും

ഉല്പ. 28:1-5,10-29:23,25-30,30:13,17-21,23, 25-36;31:9,17-32,34,36-46,48-55.

അനന്തരം യിസ്ഹാക്ക് യാക്കോബിനെ വിളിച്ചു, അവനെ അനുഗ്രഹിച്ചു, അവനോടു ആജ്ഞാപിച്ചു പറഞ്ഞത്: നീ കനാന്യ സ്ത്രീകളിൽനിന്നു ഭാര്യയെ എടുക്കരുത്. പുറപ്പെട്ടു പദ്ദൻ-അരാമിൽ നിന്റെ അമ്മയുടെ അപ്പനായ ബെഥുവേലിന്റെ വീട്ടിൽ ചെന്ന് നിന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽ നിന്നും നിനക്കൊരു ഭാര്യയെ എടുക്കുക. സർവശക്തനായ ദൈവം നിന്നെ അനുഗ്രഹിക്കുകയും നീ ജനസമൂഹമായി തീരത്തക്കവണ്ണം നിന്നെ സന്താനപുഷ്ടിയുള്ളവനായി പെരുക്കുകയും ദൈവം അബ്രഹാമിന് കൊടുത്തതും നീ പരദേശിയായി പാർക്കുന്നതുമായ ദേശം നീ കൈവശമാക്കേണ്ടതിന്നു അബ്രഹാമിന്റെ അനുഗ്രഹം നിനക്കും നിന്റെ സന്തതിക്കും തരികയും ചെയ്യുമാറാകട്ടെ.

അങ്ങനെ യിസ്ഹാക്ക് യാക്കോബിനെ പറഞ്ഞയച്ചു; അവൻ പദ്ദൻ-അരാമിൽ അരാമ്യനായ ബെഥവേലിന്റെ മകനും യാക്കോബിന്റെയും ഏശാവിന്റെയും അമ്മയായ റിബേക്കയുടെ സഹോദരനുമായ ലാബാന്റെ അടുക്കൽ പോയി.

എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്ന് പുറപ്പെട്ടു ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ടു അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്തു തലയിണയായി വെച്ചു അവിടെ കിടന്നു ഉറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു: ഇതാ ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിൽ കൂടി കയറുകയും ഇറങ്ങുകയും ആയിരുന്നു.

അതിന്മീതെ യഹോവ നിന്ന് അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ ഞാൻ നിന്നോട് കൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്ക് നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തതു നിവർത്തിക്കും.

അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ട് സത്യം; ഞാനോ അത് അറിഞ്ഞില്ല എന്ന് പറഞ്ഞു. അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല; ഇത് സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ എന്ന് പറഞ്ഞു.

യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയിണയായി വെച്ചിരുന്ന കല്ല് എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന് ബെഥേൽ എന്ന് പേർ വിളിച്ചു; ആദ്യം ആ പട്ടണത്തിനു ലൂസ് എന്ന് പേരായിരുന്നു. യാക്കോബ് ഒരു നേർച്ചനേർന്നു: ദൈവം, എന്നോട് കൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്ക് തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും. ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയവും ആകും. നീ എനിക്ക് തരുന്ന സകലത്തിലും ഞാൻ നിനക്ക് ദശാംശം തരും എന്ന് പറഞ്ഞു.

### കിണറ്റിന്നരികത്തെ മൂന്നു ആട്ടിൻകൂട്ടങ്ങൾ

പിന്നെ യാക്കോബ് പ്രയാണം ചെയ്തു കിഴക്കരുടെ ദേശത്തു എത്തി. അവൻ വെളിമ്പ്രദേശത്തു ഒരു കിണറു കണ്ടു. അതിന്നരികെ മൂന്നു ആട്ടിൻകൂട്ടം കിടക്കുന്നു. ആ കിണറ്റിൽനിന്ന് ആയിരുന്നു ആട്ടിൻകൂട്ടങ്ങൾക്കു വെള്ളം കൊടുക്കുന്നത്; എന്നാൽ കിണറ്റിന്റെ വായ്ക്കലുള്ള കല്ല് വലുതായിരുന്നു. ആ സ്ഥലത്തു കൂട്ടങ്ങൾ ഒക്കെ കൂടുകയും അവർ കിണറ്റിന്റെ വായ്ക്കൽ നിന്നു കല്ല് ഉരുട്ടി ആടുകൾക്ക് വെള്ളം കൊടുക്കയും കല്ല് കിണറ്റിന്റെ വായ്ക്കൽ അതിന്റെ സ്ഥലത്തു തന്നെ തിരികെ വെക്കയും ചെയ്യും.

യാക്കോബ് അവരോടു: സഹോദരൻമാരെ, നിങ്ങൾ എവിടുത്തുകാർ എന്ന് ചോദിച്ചതിന്നു: ഞങ്ങൾ ഹാരാന്യർ എന്ന് അവർ പറഞ്ഞു. അവൻ അവരോടു: നിങ്ങൾ നാഹോരിന്റെ മകനായ ലാബാനെ അറിയുമോ എന്ന് ചോദിച്ചതിന്: അറിയും എന്ന് അവർ പറഞ്ഞു. അവൻ അവരോടു: അവൻ സുഖമായിരിക്കുന്നുവോ എന്ന് ചോദിച്ചു. സുഖം തന്നെ; അവന്റെ മകൾ റാഹേൽ അതാ ആടുകളോടുകൂടെ വരുന്നു എന്ന് അവർ അവനോടു പറഞ്ഞു. പകൽ ഇനിയും വളരെയുണ്ടല്ലോ; കൂട്ടം ഒന്നിച്ചു കൂടുന്ന നേരമായിട്ടില്ല; ആടുകൾക്ക് വെള്ളം കൊടുത്തു കൊണ്ടുപോയി തീറ്റുവിൻ എന്ന് പറഞ്ഞതിന് അവർ: കൂട്ടങ്ങൾ ഒക്കെയും കൂടുവോളം ഞങ്ങൾക്കു വഹിയാ; അവർ കിണറ്റിന്റെ വായ്ക്കൽ നിന്ന് കല്ല് ഉരുട്ടും; പിന്നെ ഞങ്ങൾ ആടുകൾക്ക് വെള്ളം കൊടുക്കും എന്ന് പറഞ്ഞു.

അവൻ അവരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ റാഹേൽ തന്റെ അപ്പന്റെ ആടുകളോടുകൂടെ വന്നു. അവളായിരുന്നു അവയെ മേയിച്ചുവന്നത്. തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ മകൾ  റാഹേലിനെയും അമ്മയുടെ സഹോദരനായ ലാബാന്റെ ആടുകളെയും കണ്ടപ്പോൾ യാക്കോബ് അടുത്ത് ചെന്ന് കിണറ്റിന്റെ വായ്ക്കൽ നിന്ന് കല്ല് ഉരുട്ടി, അമ്മയുടെ സഹോദരനായ ലാബാന്റെ ആടുകൾക്ക് വെള്ളം കൊടുത്തു. യാക്കോബ് റാഹേലിനെ ചുംബിച്ചു പൊട്ടിക്കരഞ്ഞു. താൻ അവളുടെ അപ്പന്റെ സഹോദരൻ എന്നും റിബേക്കയുടെ മകനെന്നും യാക്കോബ് റാഹേലിനോട് പറഞ്ഞു. അവൾ ഓടിച്ചെന്നു തന്റെ അപ്പനെ അറിയിച്ചു.

ലാബാൻ തന്റെ സഹോദരിയുടെ മകനായ യാക്കോബിന്റെ വസ്തുത കേട്ടപ്പോൾ അവനെ എതിരേൽപ്പാൻ ഓടിച്ചെന്നു അവനെ ആലിംഗനം ചെയ്തു ചുംബിച്ചു വീട്ടിൽ കൂട്ടിക്കൊണ്ടുപോയി; അവൻ ലാബാനോട് വിവരം ഒക്കെയും പറഞ്ഞു. ലാബാൻ അവനോടു: നീ എന്റെ  അസ്ഥിയും മാംസവും തന്നെ എന്ന് പറഞ്ഞു. അവൻ ഒരു മാസക്കാലം അവന്റെ അടുക്കൽ പാർത്തു.

### റാഹേൽ യാക്കോബിന്റെ ഭാര്യയായി

പിന്നെ ലാബാൻ യാക്കോബിനോട് : നീ എന്റെ സഹോദരനാകകൊണ്ട് വെറുതെ എന്നെ സേവിക്കേണമോ? നിനക്ക് എന്ത് പ്രതിഫലം വേണം? എന്നോട് പറക എന്ന് പറഞ്ഞു. എന്നാൽ ലാബാന് രണ്ടു പുത്രിമാർ ഉണ്ടായിരുന്നു: മൂത്തവൾക്കു ലേയാ എന്നും ഇളയവൾക്കു റാഹേൽ എന്നും പേർ. ലേയയുടെ കണ്ണ് ശോഭ കുറഞ്ഞതായിരുന്നു; റാഹേലോ സുന്ദരിയും മനോഹരരൂപിണിയും ആയിരുന്നു. യാക്കോബ് റാഹേലിനെ സ്നേഹിച്ചു: നിന്റെ ഇളയ മകൾ റാഹേലിനു വേണ്ടി ഞാൻ ഏഴു സംവത്സരം നിന്നെ സേവിക്കും എന്ന് പറഞ്ഞു. അതിന്നു ലാബാൻ: ഞാൻ അവളെ അന്യപുരുഷന് കൊടുക്കുന്നതിലും നിനക്ക് തരുന്നത് നല്ലത്; എന്നോടുകൂടെ പാർക്ക എന്ന് പറഞ്ഞു. അങ്ങനെ യാക്കോബ് റാഹേലിനുവേണ്ടി ഏഴു സംവത്സരം സേവ ചെയ്തു; അവൻ അവളെ സ്നേഹിക്കകൊണ്ടു അത് അവനു അല്പകാലം പോലെ തോന്നി.

അപ്പോൾ ലാബാൻ ഒരു വിരുന്നു കഴിച്ചു. എന്നാൽ രാത്രിയിൽ അവൻ തന്റെ മകൾ ലേയയെ കൂട്ടി അവന്റെ അടുക്കൽ കൊണ്ടുപോയി ആക്കി. നേരം വെളുത്തപ്പോൾ അത് ലേയാ എന്ന് കണ്ടു അവൻ ലാബാനോട്: നീ എന്നോട് ചെയ്തത് എന്ത്? റാഹേലിനു വേണ്ടി അല്ലയോ ഞാൻ നിന്നെ സേവിച്ചത്? നീ എന്തിനു എന്നെ ചതിച്ചു എന്ന് പറഞ്ഞു. അതിനു ലാബാൻ: മൂത്തവൾക്കു മുൻപേ ഇളയവളെ കൊടുക്ക ഞങ്ങളുടെ ദിക്കിൽ നടപ്പില്ല. എന്നാൽ നീ ഇനിയും ഏഴു സംവത്സരം എന്റെ അടുക്കൽ ചെയ്യുന്ന സേവക്ക് വേണ്ടി ഞങ്ങൾ അവളെയും നിനക്ക് തരാം എന്ന് പറഞ്ഞു. അവൻ തന്റെ മകൾ റാഹേലിനെയും അവനു ഭാര്യയായി കൊടുത്തു. അവൻ റാഹേലിനെ ലേയയെക്കാൾ അധികം സ്നേഹിച്ചു; പിന്നെയും ഏഴു സംവത്സരം അവന്റെ അടുക്കൽ സേവചെയ്തു.

ലേയയ്ക്ക് രൂബേൻ, ശിമയോൻ, ലേവി, യെഹൂദാ എന്നിങ്ങനെ നാലു പുത്രന്മാർ ഉണ്ടായിരുന്നു; റാഹേലിനു മക്കൾ ഉണ്ടായിരുന്നില്ല. റാഹേൽ തന്റെ സഹോദരിയോട് അസൂയപ്പെട്ടു യാക്കോബിനോടു: എനിക്ക് മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്ന് പറഞ്ഞു. അപ്പോൾ യാക്കോബിന് റാഹേലിനോട് കോപം ജ്വലിച്ചു: നിനക്ക് ഗർഭഫലം തരാതിരിക്കുന്ന ദൈവത്തിന്റെ സ്ഥാനത്തോ ഞാൻ എന്ന് പറഞ്ഞു. അങ്ങനെ അവൾ തന്റെ ദാസി ബിൽഹയെ അവനു ഭാര്യയായി കൊടുത്തു; ബിൽഹ യാക്കോബിന് ദാൻ, നഫ്താലി എന്നിങ്ങനെ രണ്ടു പുത്രന്മാരെ പ്രസവിച്ചു; ലേയാ തന്റെ ദാസിയായ സില്പയെ യാക്കോബിന് ഭാര്യയായി കൊടുത്തു. സില്പ ഗാദ്, ആശേർ എന്നിങ്ങനെ രണ്ടു പുത്രന്മാരെ പ്രസവിച്ചു. അതിനു ശേഷം ലേയാ യിസ്സഖാർ, സെബൂലൂൻ എന്നെ പുത്രന്മാരെയും ദീനാ എന്ന ഒരു പുത്രിയെയും പ്രസവിച്ചു. പിന്നീട്, റാഹേലിന്റെ നിന്ദ നീങ്ങി, അവൾക്ക് ഒരു മകനുണ്ടായി, അവന് ജോസഫ് എന്ന് പേരിട്ടു.

## ലാബാന്റെ ആട്ടിൻകൂട്ടം വിഭജിക്കപ്പെട്ടിരിക്കുന്നു

റാഹേൽ ജോസഫിനെ പ്രസവിച്ച ശേഷം യാക്കോബ് ലാബാനോട്: ഞാൻ എന്റെ സ്ഥലത്തേക്കും ദേശത്തേക്കുംപോകുവാൻ എന്നെ അയയ്ക്കേണം. ഞാൻ നിന്നെ സേവിച്ചതിന്റെ പ്രതിഫലമായ എന്റെ ഭാര്യമാരെയും മക്കളെയും എനിക്ക് തരേണം; ഞാൻ പോകട്ടെ; ഞാൻ നിന്നെ സേവിച്ച സേവ നീ അറിയുന്നുവല്ലോ എന്ന് പറഞ്ഞു. ലാബാൻ അവനോടു: നിനക്ക് എന്നോട് ദയ ഉണ്ടെങ്കിൽ പോകരുതേ; നിന്റെ നിമിത്തം യഹോവ എന്നെ അനുഗ്രഹിച്ചു എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. നിനക്ക് എന്ത് പ്രതിഫലം വേണം എന്ന് പറക; ഞാൻ തരാം എന്ന് പറഞ്ഞു. അവൻ അവനോടു: ഞാൻ നിന്നെ എങ്ങനെ സേവിച്ചു എന്നും നിന്റെ ആട്ടിൻകൂട്ടം എന്റെ പക്കൽ എങ്ങനെ ഇരുന്നു എന്നും നീ അറിയുന്നു. ഞാൻ വരും മുമ്പേ നിനക്ക് അല്പമേ ഉണ്ടായിരുന്നുള്ളു; ഇപ്പോൾ അത് അത്യന്തം വർദ്ധിച്ചിരിക്കുന്നു; ഞാൻ കാൽ വെച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഇനി എന്റെ സ്വന്ത ഭവനത്തിനു വേണ്ടി ഞാൻ എപ്പോൾ കരുതും എന്നും പറഞ്ഞു.

ഞാൻ നിനക്കു എന്ത് തരേണം എന്ന് അവൻ ചോദിച്ചതിന് യാക്കോബ് പറഞ്ഞത്: നീ ഒന്നും തരേണ്ട; ഈ കാര്യം നീ ചെയ്തു തന്നാൽ ഞാൻ നിന്റെ ആട്ടിൻകൂട്ടത്തെ ഇനിയും മേയിച്ചു പാലിക്കാം. ഞാൻ ഇന്ന് നിന്റെ എല്ലാ കൂട്ടങ്ങളിലും കൂടി കടന്നു, അവയിൽ നിന്ന് പുള്ളിയും മറുവുമുള്ള ആടുകളെ ഒക്കെയും ചെമ്മരിയാടുകളിൽ കറുത്തതിനെയൊക്കെയും കോലാടുകളിൽ പുള്ളിയും മറുവുമുള്ളതിനേയും വേർതിരിക്കാം; അത് എന്റെ പ്രതിഫലമായിരിക്കട്ടെ. നാളെ ഒരിക്കൽ എന്റെ പ്രതിഫലം സംബന്ധിച്ചു നീ നോക്കുവാൻ വരുമ്പോൾ എന്റെ നീതി തെളിവായിരിക്കും; കോലാടുകളിൽ പുള്ളിയും മറുവുമില്ലാത്തതും ചെമ്മരിയാടുകളിൽ കറുത്തനിറമില്ലാത്തതും എല്ലാം മോഷ്ടിച്ചതായി എണ്ണാം.

അതിനു ലാബാൻ: നീ പറഞ്ഞതുപോലെ ആകട്ടെ എന്ന് പറഞ്ഞു. അന്ന് തന്നെ അവൻ വരയും മറുവുമുള്ള മുട്ടാടുകളെയും പുള്ളിയും മറുവുമുള്ള പെൺകോലാടുകളെ ഒക്കെയും വെണ്മയുള്ളതിനെ ഒക്കെയും ചെമ്മരിയാടുകളിൽ കറുത്ത നിറമുള്ളതിനെ ഒക്കെയും വേർതിരിച്ചു അവന്റെ പുത്രന്മാരുടെ കയ്യിൽ ഏൽപ്പിച്ചു. അവൻ തനിക്കും യാക്കോബിനും ഇടയിൽ മൂന്നു ദിവസത്തെ വഴിയകലം വെച്ചു; ലാബാന്റെ ശേഷമുള്ള ആട്ടിൻക്കൂട്ടങ്ങളെ യാക്കോബ് മേയിച്ചു.

## കനാൻ ദേശത്തേക്കുള്ള യാക്കോബിന്റെ തിരിച്ചുവരവ്

എന്നാൽ ഞങ്ങളുടെ അപ്പനുള്ളതൊക്കെയും യാക്കോബ് എടുത്തുകളഞ്ഞു, ഞങ്ങളുടെ അപ്പന്റെ വകകൊണ്ടു അവൻ ഈ ധനം ഒക്കെയും സമ്പാദിച്ചു എന്ന് ലാബാന്റെ പുത്രന്മാർ പറഞ്ഞ വാക്കുകളെ അവൻ കേട്ടു. യാക്കോബ് ലാബാന്റെ മുഖത്ത് നോക്കിയാറെ അത് തന്റെ നേരെ മുൻപേ ഇരുന്നതുപോലെ അല്ല എന്ന് കണ്ടു. അപ്പോൾ യഹോവ യാക്കോബിനോട്: നിന്റെ പിതാക്കന്മാരുടെ ദേശത്തേക്കും നിന്റെ ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങി പോക; ഞാൻ നിന്നോട് കൂടെ ഇരിക്കും എന്ന് അരുളിച്ചെയ്തു.

യാക്കോബ് ആളയച്ചു റാഹേലിനെയും ലേയയെയും വയലിൽ തന്റെ ആട്ടിൻ കൂട്ടത്തിന്റെ അടുക്കൽ വിളിപ്പിച്ചു. അവരോടു പറഞ്ഞത്: നിങ്ങളുടെ അപ്പന്റെ മുഖം എന്റെ നേരെ മുൻപേ പോലെ അല്ല എന്ന് ഞാൻ കാണുന്നു; എങ്കിലും എന്റെ അപ്പന്റെ ദൈവം എന്നോടുകൂടെ ഉണ്ടായിരുന്നു. നിങ്ങളുടെ അപ്പനെ ഞാൻ എന്റെ സർവ്വബലത്തോടുംകൂടെ സേവിച്ചു എന്ന് നിങ്ങൾക്ക് തന്നെ അറിയാമല്ലോ.

നിങ്ങളുടെ അപ്പനോ എന്നെ ചതിച്ചു എന്റെ പ്രതിഫലം പത്തു പ്രാവശ്യം മാറ്റി; എങ്കിലും എന്നോട് ദോഷം ചെയ്‌വാൻ ദൈവം അവനെ സമ്മതിച്ചില്ല. പുള്ളിയുള്ളവ നിന്റെ പ്രതിഫലം ആയിരിക്കട്ടെ എന്ന് അവൻ പറഞ്ഞു എങ്കിൽ കൂട്ടമൊക്കെയും പുളിയുള്ള കുട്ടികളെ പെറ്റു; വരയുള്ളവ നിന്റെ പ്രതിഫലം ആയിരിക്കട്ടെ എന്ന് അവൻ പറഞ്ഞു എങ്കിൽ കൂട്ടമൊക്കെയും വരയുള്ള കുട്ടികളെ പെറ്റു. ഇങ്ങനെ ദൈവം നിങ്ങളുടെ അപ്പന്റെ ആട്ടിന്കൂട്ടത്തെ എടുത്തു എനിക്ക് തന്നിരിക്കുന്നു.

അങ്ങനെ യാക്കോബ് എഴുന്നേറ്റു തന്റെ ഭാര്യമാരെയും പുത്രന്മാരെയും ഒട്ടകപ്പുറത്തു കയറ്റി. തന്റെ കന്നുകാലികളെ ഒക്കെയും താൻ സമ്പാദിച്ച സമ്പത്തു ഒക്കെയും താൻ പദ്ദൻ-അരാമിൽ സമ്പാദിച്ച മൃഗസമ്പത്തു ഒക്കെയും ചേർത്തുകൊണ്ട് കനാൻ ദേശത്തു തന്റെ അപ്പനായ യിസ്ഹാക്കിന്റെ അടുക്കൽ പോകുവാൻ പുറപ്പെട്ടു. ലാബാൻ തന്റെ ആടുകളെ രോമം കത്രിപ്പാൻ പോയിരുന്നു; റാഹേൽ തന്റെ അപ്പനുള്ള ഗൃഹവിഗ്രഹങ്ങളെ മോഷ്ടിച്ചു. താൻ ഓടിപ്പോകുന്നത് യാക്കോബ് അരാമ്യനായ ലാബാനോട് അറിയിക്കായ്കയാൽ അവനെ തോൽപ്പിച്ചായിരുന്നു പോയത്. ഇങ്ങനെ അവൻ തനിക്കുള്ള സകലവുമായി ഓടിപ്പോയി; അവൻ പുറപ്പെട്ടു നദി കടന്നു. ഗിലയാദ് പർവ്വതത്തിനു നേരെ തിരിഞ്ഞു.

യാക്കോബ് ഓടിപ്പോയി എന്ന് ലാബാന്ന് മൂന്നാം ദിവസം അറിവ് കിട്ടി. ഉടനെ അവൻ തന്റെ സഹോദരന്മാരെ കൂട്ടികൊണ്ട് ഏഴുദിവസത്തെ വഴി അവനെ പിന്തുടർന്നു ഗിലെയാദ് പർവ്വതത്തിൽ അവനോടു ഒപ്പം എത്തി. എന്നാൽ ദൈവം രാത്രി സ്വപ്നത്തിൽ അരാമ്യനായ ലാബാന്റെ അടുക്കൽ വന്നു അവനോടു: നീ യാക്കോബിനോട് ഗുണമെങ്കിലും ദോഷമെങ്കിലും പറയാതിരിക്കാൻ സൂക്ഷിച്ചുകൊൾക എന്ന് കൽപ്പിച്ചു.

ലാബാൻ യാക്കോബിനോട് ഒപ്പം എത്തി; യാക്കോബ് പർവ്വതത്തിൽ കൂടാരം അടിച്ചിരുന്നു; ലാബാനും തന്റെ സഹോദരന്മാരുമായി ഗിലെയാദ്പർവ്വതത്തിൽ കൂടാരം അടിച്ചു. ലാബാൻ യാക്കോബിനോട് പറഞ്ഞത്: നീ എന്നെ കളിപ്പിച്ചു പൊയ്ക്കളകയും എന്റെ പുത്രിമാരെ വാളാൽ പിടിച്ചവരെപ്പോലെ കൊണ്ടുപോകയും ചെയ്തത് എന്ത്? നീ എന്നെ തോൽപ്പിച്ചു രഹസ്യമായിട്ടു ഓടിപ്പോകയും ഞാൻ സന്തോഷത്തോടും സംഗീതത്തോടും മുരജത്തോടും വീണയോടുംകൂടെ നിന്നെ അയപ്പാൻ തക്കവണ്ണം എന്നെ അറിയിക്കാതിരിക്കയും എന്റെ പുത്രന്മാരെയും പുത്രിമാരെയും ചുംബിക്കാൻ എനിക്ക് ഇടതരാതിരിക്കയും ചെയ്തത് എന്തു? ഭോഷത്വമാകുന്നു നീ ചെയ്തത്. നിങ്ങളോടു ദോഷം ചെയ്‌വാൻ എന്റെ പക്കൽ ശക്തിയുണ്ട്. എങ്കിലും നീ യാക്കോബിനോട് ഗുണമെങ്കിലും ദോഷമെങ്കിലും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾക എന്ന് നിങ്ങളുടെ പിതാവിന്റെ ദൈവം കഴിഞ്ഞ രാത്രി എന്നോട് കല്പിച്ചിരിക്കുന്നു. ആകട്ടെ, നിന്റെ പിതൃഭവനത്തിനായുള്ള അതിവാഞ്ചയാൽ നീ പുറപ്പെട്ടു പൊന്നു; എന്നാൽ എന്റെ ദേവന്മാരെ മോഷ്ടിച്ചത് എന്തിനു?

യാക്കോബ് ലാബാനോട്: പക്ഷെ നിന്റെ പുത്രിമാരെ നീ എന്റെ പക്കൽനിന്നു അപഹരിക്കും എന്ന് ഞാൻ ഭയപ്പെട്ടു. എന്നാൽ നീ ആരുടെ പക്കൽ എങ്കിലും നിന്റെ ദേവന്മാരെ കണ്ടാൽ അവൻ ജീവനോടിരിക്കരുത്; എന്റെ പക്കൽ നിന്റെ വക വല്ലതും ഉണ്ടോ എന്ന് നീ നമ്മുടെ സഹോദരന്മാർ കാൺകെ നോക്കി എടുക്ക എന്നും ഉത്തരം പറഞ്ഞു. റാഹേൽ അവയെ മോഷ്ടിച്ചത് യാക്കോബ് അറിഞ്ഞില്ല. അങ്ങനെ ലാബാൻ കൂടാരത്തിലൊക്കെയും തിരഞ്ഞു കണ്ടില്ലതാനും.

അപ്പോൾ യാക്കോബിനു കോപം ജ്വലിച്ചു, അവൻ ലാബാനോട് വാദിച്ചു. യാക്കോബ് ലാബാനോട് പറഞ്ഞത് എന്തെന്നാൽ: എന്റെ കുറ്റം എന്ത്? നീ ഇത്ര ഉഗ്രതയോടെ എന്റെ പിന്നാലെ ഓടി വരേണ്ടതിന്നു എന്റെ തെറ്റു എന്ത്? നീ എന്റെ സാമാനം ഒക്കെയും ശോധന കഴിച്ചുവല്ലോ; നിന്റെ വീട്ടിലെ സാമാനം വല്ലതും കണ്ടുവോ? എന്റെ സഹോദരന്മാർക്കും നിന്റെ സഹോദരന്മാർക്കും മുൻപാകെ ഇവിടെ വെക്കുക; അവർ നമുക്കിരുവർക്കും മദ്ധ്യേ വിധിക്കട്ടെ. ഈ ഇരുപതു സംവത്സരം ഞാൻ നിന്റെ അടുക്കൽ പാർത്തു; നിന്റെ ചെമ്മരിയാടുകൾക്കും കോലാടുകൾക്കും ചനനാശം വന്നിട്ടില്ല; നിന്റെ കൂട്ടത്തിലെ ആട്ടുകൊറ്റന്മാരെ ഞാൻ തിന്നു കളഞ്ഞിട്ടുമില്ല. ദുഷ്ടമൃഗം കടിച്ചുകീറിയതിനെ നിന്റെ അടുക്കൽ കൊണ്ടുവരാതെ ഞാൻ അതിന്നു ഉത്തരവാദിയായിരുന്നു.

പകൽ കളവുപോയതിനെയും രാത്രിയിൽ കളവു പോയതിനെയും നീ എന്നോട് ചോദിച്ചു. ഇങ്ങനെ ആയിരുന്നു എന്റെ വസ്തുത; പകൽ വെയിലുകൊണ്ടും രാത്രി ശീതംകൊണ്ടും ഞാൻ ക്ഷയിച്ചു; എന്റെ കണ്ണിന്നു ഉറക്കമില്ലാതെയായി. ഈ ഇരുപതു സംവത്സരം ഞാൻ നിന്റെ വീട്ടിൽ പാർത്തു; പതിന്നാലു സംവത്സരം നിന്റെ രണ്ടു പുത്രിമാർക്കായിട്ടും ആറു സംവത്സരം നിന്റെ ആട്ടിൻകൂട്ടത്തിനായിട്ടും നിന്നെ സേവിച്ചു; പത്തു പ്രാവശ്യം നീ എന്റെ പ്രതിഫലം മാറ്റി. എന്റെ പിതാവിന്റെ ദൈവമായി അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ഭയവുമായവൻ എനിക്ക് ഇല്ലായിരുന്നു എങ്കിൽ നീ ഇപ്പോൾ എന്നെ വെറുതെ അയച്ചുകളയുമായിരുന്നു; ദൈവം എന്റെ കഷ്ടതയും എന്റെ കൈകളുടെ പ്രയത്നവും കണ്ടു കഴിഞ്ഞ രാത്രി ന്യായം വിധിച്ചു.

**ലാബാനും യാക്കോബും തമ്മിലുള്ള ഉടമ്പടി**

ലാബാൻ യാക്കോബിനോട്: പുത്രിമാർ എന്റെ പുത്രിമാർ, മക്കൾ എന്റെ മക്കൾ, ആട്ടിൻകൂട്ടം എന്റെ ആട്ടിൻകൂട്ടം; നീ കാണുന്നതൊക്കെയും എനിക്ക് ഉള്ളത് തന്നെ; ഈ എന്റെ പുത്രിമാരോടോ അവർ പ്രസവിച്ച മക്കളോടോ ഞാൻ ഇന്ന് എന്ത് ചെയ്യും? ആകയാൽ വരിക, ഞാനും നീയും തമ്മിൽ ഒരു ഉടമ്പടി ചെയ്ക; അത് എനിക്കും നിനക്കും മദ്ധ്യേ സാക്ഷിയായിരിക്കട്ടെ എന്ന് ഉത്തരം പറഞ്ഞു. അപ്പോൾ യാക്കോബ് ഒരു കല്ല് എടുത്തു തൂണായി നിർത്തി. കല്ല് കൂട്ടുവിൻ എന്ന് തന്റെ സഹോദരന്മാരോട് പറഞ്ഞു; അവർ കല്ല് എടുത്തു ഒരു കൂമ്പാരം ഉണ്ടാക്കി; കൂമ്പാരത്തിന്മേൽ വെച്ച് അവർ ഭക്ഷണം കഴിച്ചു. ഈ കൂമ്പാരം ഇന്ന് എനിക്കും നിനക്കും മദ്ധ്യേ സാക്ഷി എന്നും ലാബാൻ പറഞ്ഞു. അതുകൊണ്ട് അതിന്നു ഗലേദ് എന്നും മിസ്പാ (കാവൽമാടം) എന്നും പേരായി: നാം തമ്മിൽ അകന്നിരിക്കുമ്പോൾ യഹോവ എനിക്കും നിനക്കും നടുവേ കാവലായിരിക്കട്ടെ. നീ എന്റെ പുത്രിമാരെ ഉപദ്രവിക്കുകയോ എന്റെ പുത്രിമാരെ അല്ലാതെ വേറെ സ്ത്രീകളെ പരിഗ്രഹിക്കുകയോ ചെയ്യുമെങ്കിൽ നമ്മോടുകൂടെ ആരുമില്ല; നോക്കുക, ദൈവം തന്നെ എനിക്കും നിനക്കും മദ്ധ്യേ സാക്ഷി എന്ന് അവൻ പറഞ്ഞു.

ലാബാൻ പിന്നെയും യാക്കോബിനോട്: ഇതാ, ഈ കൂമ്പാരം; ഇതാ, എനിക്കും നിനക്കും മദ്ധ്യേ നിർത്തിയ തൂൺ. ദോഷത്തിനായി ഞാൻ ഈ കൂമ്പാരം കടന്നു നിന്റെ അടുക്കൽ വരാതെയും നീ ഈ കൂമ്പാരവും ഈ തൂണും കടന്നു എന്റെ അടുക്കൽ വരാതെയും ഇരിക്കേണ്ടതിന്നു ഈ കൂമ്പാരവും സാക്ഷി, ഈ തൂണും സാക്ഷി. അബ്രഹാമിന്റെ ദൈവവും നാഹോരിന്റെ ദൈവവും അവരുടെ പിതാവിന്റെ ദൈവവുമായവൻ നമുക്ക് മദ്ധ്യേ വിധിക്കട്ടെ എന്ന് പറഞ്ഞു. യാക്കോബ് തന്റെ പിതാവായ യിസ്ഹാക്കിന്റെ ഭയമായവനെച്ചൊല്ലി സത്യം ചെയ്തു. പിന്നെ യാക്കോബ് പർവ്വതത്തിൽ യാഗം അർപ്പിച്ചു ഭക്ഷണം കഴിപ്പാൻ തന്റെ സഹോദരന്മാരെ വിളിച്ചു; അവർ ഭക്ഷണം കഴിച്ചു പർവ്വതത്തിൽ രാപാർത്തു. ലാബാൻ അതികാലത്തു എഴുന്നേറ്റു തന്റെ പുത്രന്മാരെയും പുത്രിമാരെയും ചുംബിക്കയും അനുഗ്രഹിക്കുകയും ചെയ്തശേഷം അവിടെ നിന്ന് പുറപ്പെട്ടു സ്വദേശത്തേക്കു മടങ്ങിപ്പോയി.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## സ്വഭാവ നിർമ്മാണം

സന്തോഷം നിങ്ങളെ
മാധുര്യമുള്ളവരാക്കുന്നു

പരീക്ഷകൾ നിങ്ങളെ
ശക്തരാക്കുന്നു

ക്ലേശങ്ങൾ നിങ്ങളെ
മനുഷ്യരാക്കുന്നു

പരാജയം നിങ്ങളെ
താഴ്മയുള്ളവരാക്കുന്നു

വിജയം നിങ്ങളെ പ്രകാശിപ്പിക്കുന്നു

എന്നാൽ **ദൈവം മാത്രം**
നിങ്ങളെ മുമ്പോട്ടു നയിക്കുന്നു.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**